Kandanad

Diocesan Bulletin

Vol. 12, No. 12, 15 December 2024

എഡിറ്റോറിയൽ

# വാദിക്കാനും ജയിക്കാനുമല്ല; അറിയാനും അറിയിക്കാനുമാണ്

ശ്രീനാരായണ ഗുരുദേവൻ സ്ഥാപിച്ച ശിവഗിരി മഠം വത്തിക്കാനിൽ സംഘടിപ്പിച്ച ലോകമത പാർലമെന്റ് മതങ്ങളുടെ ചരിത്രത്തിൽ ഒരു പുതിയ നാഴികക്കല്ല് ആവുകയാണ്. ഫ്രാൻസിസ് മാർപാപ്പയുടെ ആശീർവാദത്തോടെ തുടങ്ങിയ ലോകമത പാർലമെന്റിൽ ഹൈന്ദവ, ക്രൈസ്തവ, ഇസ്ലാം, ബുദ്ധ, സിഖ്, യഹൂദ മതങ്ങളിലെ പുരോഹിതരും ശിവഗിരി മഠത്തിലെ സന്യാസിമാരും പങ്കെടുത്തു. ശ്രീനാരായണ ഗുരു ആലുവ അദ്വൈതാശ്രമത്തിൽ 1924 ൽ സംഘടിപ്പിച്ച സർവ്വമത സമ്മേളനത്തിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ശിവഗിരി മഠത്തിന്റെ നേതൃത്വത്തിൽ വത്തിക്കാൻ സ്‌ക്വയറിലെ അഗസ്റ്റീരിയൻ ഹാളിലാണ് ലോകമത പാർലമെന്റ് നടന്നത്. വിവിധ രാജ്യങ്ങളിൽ നിന്നായി 180 പ്രതിനിധികൾ ഉൾപ്പെടെ 200 ഓളം പേർ പങ്കെടുത്തു.

ഗുരുദേവന്റെ നേതൃത്വത്തിൽ ആലുവയിൽ വച്ച് നടന്ന സർവ്വമത സമ്മേളനം കേരള നവോത്ഥാന ചരിത്രത്തിലെ സുവർണ്ണ ഏടായിരുന്നു. ആ സമ്മേളനത്തിന്റെ ഉദ്ദേശ്യത്തെ ഗുരു വിളംബരം ചെയ്തത് ഇങ്ങനെയാണ് 'വാദിക്കാനും ജയിക്കാനും അല്ല; അറിയാനും അറിയിക്കാനുമാണ്' എന്ന ആപ്തവാക്യത്തിലൂടെയാണ്. 1893 സെപ്റ്റംബറിൽ ഷിക്കാഗോയിൽ വച്ച് നടന്ന 'വേൾഡ് പാർലമെന്റ് ഓഫ് റിലീജിയൻസിൽ' സ്വാമി വിവേകാനന്ദൻ നടത്തിയ ചരിത്രപ്രസിദ്ധമായ പ്രസംഗത്തിന്റെ അലയൊലികളുടെ തുടർച്ചയായിട്ട് വേണം ഈ ഇടപെടലുകളെയൊക്കെ മനസ്സിലാക്കാൻ. ജാതിയും മതവും മനുഷ്യനെ നിരന്തരം വിഭജിക്കുമ്പോഴും ഭ്രാന്തമായി ജീവിക്കാൻ പ്രേരിപ്പിക്കുമ്പോഴും അതിന് സാമൂഹ്യമായുള്ള ചികിത്സ നൽകാനായിരുന്നു ശ്രീനാരായണ ഗുരു സർവ്വമത സമ്മേളനത്തിലൂടെ ശ്രമിച്ചത്. ജാതിക്കും മതത്തിനും അതീതമായി മനുഷ്യനെ കണ്ടെത്താനുള്ള തീവ്രപരിശ്രമത്തിന്റെ ഭാഗമായിരുന്നു ഈ ഇടപെടലുകൾ.

ആഗോള കത്തോലിക്കാ സഭയുടെ രണ്ടാം വത്തിക്കാൻ സുന്നഹദോസ് ഇതര മതങ്ങളോടും സംസ്‌കാരങ്ങളോടും ഉള്ള ക്രൈസ്തവ സമീപനങ്ങളിൽ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവന്ന കൗൺസിൽ ആയിരുന്നു. അതിൽ നിന്നും ഒരുപടി കൂടി കടന്ന് ക്രൈസ്തവ ചിന്തയുടെ വാതായനങ്ങളെ മലർക്കെ തുറന്നിട്ട പിതാവാണ് ഇപ്പോഴത്തെ ഫ്രാൻസിസ് മാർപാപ്പ. ഈ ജീവിത സാക്ഷ്യമായിരിക്കാം അദ്ദേഹത്തിന്റെ ആസ്ഥാനമായ വത്തിക്കാനിൽ വച്ച് തന്നെ ലോകമത പാർലമെന്റ് സംഘടിപ്പിക്കാൻ കാരണമായിത്തീർന്നത്. ഏതു മതത്തെയും മറ്റുള്ളവർ കാലികമായി തിരിച്ചറിയുന്നത് അതിന്റെ അനുയായികളെ കണ്ടുകൊണ്ടാണ്. ഓരോ മതവും ശ്രേഷ്ഠമാകുന്നത് അത് എങ്ങനെ ജീവിതത്തിൽ പകർത്തുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും. മതവിദ്വേഷവും മതത്തിന്റെയും ആരാധനാലയങ്ങളുടെ പേരിലുള്ള കൊലവിളികളും നിത്യസംഭവമാകുന്ന ഈ കാലത്ത് ശ്രീനാരായണ ഗുരുവിനെയും അദ്ദേഹത്തിന്റെ ഇടപെടലുകളെയും ഒരിക്കൽ കൂടി ഓർക്കാനും അതിനുള്ള വേദിയായി സമാധാനത്തിന്റെയും ശാന്തിയുടെയും പ്രവാചകനായ ഫാൻസിസ് മാർപാപ്പയുടെ ആസ്ഥാനം തിരഞ്ഞെടുക്കാനും ഇടയായത് സമാധാനകാംഷികളായ എല്ലാവർക്കും പ്രതീക്ഷ നൽകുന്നതാണ്.

ഈ സർവ്വമത സമ്മേളനത്തിൽ ലോകത്തിലെ പതിനഞ്ചോളം രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ

പങ്കെടുക്കുകയുണ്ടായി. ഇതിന് വർത്തമാനകാലത്ത് ഏറെ മാനങ്ങളുണ്ട്. ഇന്ന് പശ്ചിമേഷ്യയിലും ഇതര സ്ഥലങ്ങളിലും നടന്നു കൊണ്ടിരിക്കുന്ന യുദ്ധങ്ങളിൽ പ്രധാനമായും ചർച്ച ചെയ്യുന്നത് മതം തന്നെയാണ്. മതത്തിന്റെ പേരിൽ ശത്രുതയും ഭിന്നതയും അപരത്വവും സൃഷ്ടിക്കുക എളുപ്പമാണ്. പാലസ്തീൻ, സിറിയ, ലബനൻ, ബംഗ്ലാദേശ്, എന്നീ രാജ്യങ്ങളിൽ നടക്കുന്ന യുദ്ധങ്ങളും കലാപങ്ങളും ഇന്ത്യയിലെ യു.പിയിലെ സംബലിൽ നടമാടുന്ന മനുഷ്യക്കുരുതിയും സംഘട്ടനങ്ങളും ഇതിനുള്ള ഉദാഹരണമാണ്. ലോകത്തിന്റെ വിവിധ രാജ്യങ്ങൾ മതത്തിന്റെ പേരിലുള്ള സംഘട്ടനങ്ങൾ ഒരു തുടർക്കഥ ആവുകയാണ്. സ്ത്രീകളും കുഞ്ഞുങ്ങളുമടക്കം ആയിരങ്ങൾ മരിക്കുകയും അനാഥരാവുകയും ആക്രമിക്കപ്പെടുകയും ചെയ്യുന്നു. ഹിംസയും അസഹിഷ്ണുതയും പരമത വിദ്വേഷവും നമ്മുടെ രാജ്യത്തും മറയില്ലാതെ പടരുന്നു. ഈയൊരു ഘട്ടത്തിൽ ലോകമത പാർലമെന്റ് വലിയ നിലയിലുള്ള പ്രതിരോധവും ബദലും സൃഷ്ടിക്കുന്നുണ്ട്. എല്ലാവരും ഒരുമിച്ച് ഇരിക്കേണ്ടവരും ഒരേ ലക്ഷ്യങ്ങളിലേക്ക് സഞ്ചരിച്ച് ഈശ്വരസാക്ഷാത്കാരം നേടേണ്ടവരുമാണ് എന്ന തിരിച്ചറിവും ഈ സമ്മേളനം നൽകുന്നത്.

സാമൂഹ്യനീതിയുടെ കാര്യത്തിൽ ഇന്ത്യയിൽ തന്നെ എത്രയോ ശക്തമായ ഇടപെടലുകൾക്കുശേഷമാണ് നാം ഇവിടെ എത്തിയിരിക്കുന്നത്. ജാതി-മത ദുരാചാരങ്ങൾ ഒരു ദിവസം കൊണ്ട് പിഴുതെഴുറിയപ്പെടുകയായിരുന്നില്ല. അതിനായി നിരന്തരം ആശയതലത്തിലും പ്രവർത്തന ജീവിത മേഖലകളിലും വലിയ പോരാട്ടങ്ങൾ നടത്തേണ്ടിവന്നിട്ടുണ്ട്. എല്ലാ നിലയിലുമുള്ള വേർതിരിവുകളെയും വിദ്വേഷത്തെയും പരസ്നേഹത്തിന്റെയും സഹനത്തിന്റെയും യുക്തിയുടെയും ദാർശനികതയുടെയും അടിസ്ഥാനത്തിൽ നിന്നുകൊണ്ട് വെല്ലുവിളിച്ചവർ ആയി രുന്നു ഗുരുദേവനും മഹാത്മജിയും മറ്റ് നവോത്ഥാന നായകരും. വിവിധ മതങ്ങളുടെയും സംസ്കാരങ്ങളുടെയും ഈറ്റില്ലമായ ഭാരതത്തിൽ നിന്ന് തന്നെ സമഭാവനയുടെയും സാഹോദര്യത്തിന്റെയും സംവാദത്തിന്റെയും ശബ്ദം ഒരിക്കൽ കൂടി ലോക വേദികളിൽ കേൾപ്പിക്കാൻ ഇടയായത് അഭിമാനകരം തന്നെ. ഈ ആശയധാരകൾ ലോകമാകെ പടരട്ടെ എന്ന് ആശിക്കാം. ഈയൊരു ഇടപെടലിന് നേതൃത്വം നൽകിയ ശിവഗിരി മഠത്തിന് അഭിനന്ദനങ്ങൾ.

ലോകം മുഴുവൻ ക്രിസ്മസ് ആഘോഷിക്കുവാൻ ഒരുങ്ങുന്ന ഈ വേളയിൽ സമാധാനത്തിന്റെ പ്രഘോഷകരാകാൻ നമുക്ക് നമ്മെ തന്നെ പുനർസമർപ്പിക്കാം. ബഹുമാന്യരായ എല്ലാ ഡയോസിസൻ ബുള്ളറ്റിൻ വായനക്കാർക്കും സന്തോഷപ്രദമായ ക്രിസ്തുമസും പുതുവത്സരവും ആശംസിക്കുന്നു.

*ഫാ. എബ്രഹാം കാരാമ്മേൽ*


**EDITORIAL BOARD**

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karamel**

*Mg. Editor*
**Mr. P. J. Varghese**

*Members*
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Fr. Binoy John**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.kandanadeast.org


## ഉള്ളടക്കം


പേജ്

എഡിറ്റോറിയൽ
**വാദിക്കാനും ജയിക്കാനുമല്ല; അറിയാനും അറിയിക്കാനുമാണ്** ............... 1

**ഭിന്നതയും പരിഹാരവും ആദിമസഭയിൽ-2** ............... 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**ചില ബ്രസീൽ അനുഭവങ്ങൾ** ............... 8
ഡോ. എം. പി. മത്തായി

**മറ്റമ്മയാവാനല്ല, അമ്മയാവാനാണ് വിളി** ............... 10
ഫാ. സിബി മാത്യു വർഗീസ്

**പ്രത്യാശയുടെ നക്ഷത്രദീപങ്ങൾ** ............... 12
ഫാ. ഡോ. കെ. എം. ജോർജ്

**നല്ല സമരിയാക്കാരൻ** ............... 14
ഫാ. ഷാജി കരിംപ്ലാനിൽ

# ഭിന്നതയും പരിഹാരവും ആദിമസഭയിൽ-2

**ആ**ദിമ യെരുശലേംസഭയിൽ യവനക്രൈസ്തവരുടെ അസംതൃപ്തി പരിഗണിച്ച് ഭക്ഷണവിതരണസംവിധാനം നീതിപൂർവ്വമാക്കുവാൻ അപ്പോസ്തലന്മാർ നടപടിയാരംഭിച്ചു. അതിനായി അവർ വിശ്വാസിസമൂഹത്തെ വിളിച്ചുകൂട്ടി തങ്ങളുടെ ചിന്തകളും നിർദ്ദേശങ്ങളും പങ്കുവയ്ക്കുന്നു.

1. വിധവകൾക്കുള്ള ഭക്ഷണവിതരണച്ചുമതല കാര്യക്ഷമവും നീതിപൂർവ്വവും ആക്കിത്തീർക്കേണ്ടതുണ്ട്. അതിനായി ഏഴ് പേർ അടങ്ങുന്ന ഒരു സംഘത്തെ ചുമതലപ്പെടുത്തുക.
2. അവരുടെ യോഗ്യതാമാനദണ്ഡങ്ങൾ നിർവചിക്കുക.
3. അവരെ കണ്ടെത്തുവാനുള്ള വഴി നിർദ്ദേശിക്കുക.
4. അവരുടെ നിയമനം എപ്രകാരമായിരിക്കണം എന്ന് തീരുമാനിക്കുക. ഈ കാര്യങ്ങളായിരുന്നു യോഗത്തിന്റെ ചിന്താവിഷയം.

വിഷയം ചർച്ചയ്ക്ക് വരുവാനിടയായത് സഭയിൽ നിലവിലിരുന്ന ഭക്ഷണവിതരണസംവിധാനം കാര്യക്ഷമവും നീതിപൂർവ്വവുമായിരുന്നില്ല എന്ന് ശിഷ്യന്മാർക്ക് ബോദ്ധ്യപ്പെട്ടതിനാലാണ്. അതുകൊണ്ട് കാര്യം പരിഹരിക്കുന്നതിനായി ഏഴംഗസംഘത്തെ രൂപപ്പെടുത്തുവാനായിരുന്നു അവരുടെ നിർദ്ദേശം. ഏഴ് എന്നത് യഹൂദ പാരമ്പര്യത്തിലെ ഒരു പൂർണ്ണ വിശുദ്ധ സംഖ്യയാണ്. നിർദ്ദിഷ്ട ശുശ്രൂഷയ്ക്കനിവാര്യമായ പ്രവർത്തകരുടെ ആവശ്യം വിലയിരുത്തിയുമാകാം ഈ സംഖ്യാനിർണ്ണയം. അവരുടെ യോഗ്യതാമാനദണ്ഡങ്ങളും അതോടൊപ്പം അപ്പോസ്തലന്മാർ നിർദ്ദേശിക്കുന്നു.

1. അവർ സാക്ഷ്യമുള്ള പുരുഷന്മാർ ആയിരിക്കണം.
2. പരിശുദ്ധാത്മനിറവുള്ളവരാണെന്ന് സഭയ്ക്ക് ബോദ്ധ്യപ്പെട്ടിരിക്കണം.
3. വിവേകശാലികളായിരിക്കണം.

ഇതിൽ സാക്ഷ്യം എന്നത് വ്യക്തിയുടെ ജീവിതപരിസരത്തുള്ള, അയാളെ വ്യക്തിപരമായി അറിയാവുന്ന വിശ്വാസിസമൂഹത്തിന്റെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലുള്ള അംഗീകാരവും സമ്മതവുമാണ്. തിരഞ്ഞെടുക്കപ്പെടുന്നവർ വ്യക്തിപരമായി ആരോപണവിധേയരല്ലാത്ത ധാർമ്മിക നിലവാരവും വിശ്വാസസ്ഥിരതയും ഉദ്ഗ്രഥിതവ്യക്തിത്വവും (integerity) ഉള്ളവരായിരിക്കണം എന്ന് സൂചന. വ്യക്തിബന്ധങ്ങളിൽ സത്യസന്ധത പുലർത്തുക, ക്രിസ്തീയ ജീവിതമൂല്യങ്ങൾക്ക് വില നൽകുക, നീതിബോധമുണ്ടായിരിക്കുക എന്നിവയെല്ലാം സാക്ഷ്യത്തിന്റെ അർത്ഥസൂചനയിൽ ഉൾപ്പെടുന്നു.

രണ്ടാമതായി, അവർ പരിശുദ്ധാത്മാവിന്റെ നിറവിലും നിയന്ത്രണത്തിലും കഴിയുന്ന വ്യക്തികളാണ് എന്നത് സഭയ്ക്ക് ബോദ്ധ്യപ്പെട്ടിരിക്കണം. സഭാശുശ്രൂഷയ്ക്ക് സ്വഭാവ-പെരുമാറ്റ സാക്ഷ്യം മാത്രമല്ല പരിശുദ്ധാത്മാവിന്റെ പ്രവർത്തനവും നിയന്ത്രണവും നിറവും വിശ്വാസിസമൂഹത്തിന് ബോദ്ധ്യപ്പെട്ടിരിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തികൾ ഭക്ഷണമേശയിലെ ശുശ്രൂഷയ്ക്കാണെങ്കിൽ പോലും ആത്മപ്രചോദിതരായിരിക്കണം എന്ന് അപ്പോസ്തോലസമൂഹം നിഷ്കർഷിക്കുന്നു.

മൂന്നാമത്തെ യോഗ്യതാമാനദണ്ഡം ശുശ്രൂഷകർക്കുള്ള വിവേക (sophia) മാണ്. ഇതിന് കാര്യശേഷി, പ്രായോഗികപരിജ്ഞാനം, വിശകലന-ശാസ്ത്രീയ നൈപുണ്യം എന്നെല്ലാം അർത്ഥമുള്ളതായിട്ടാണ് അപ്പോസ്തലന്മാർ കാണുന്നത് (ലൂക്കോ. 2:40; 5:2; 11:31; 21:15; അ. പ്ര. 7:10). അതായത് സഭാശുശ്രൂഷകൻ ഏതൊരു സാഹചര്യത്തിലും കാര്യങ്ങളുടെ വരുംവരായ്കകൾ മനസ്സിലാക്കി തൃപ്തികരമായി അത് കൈകാര്യം ചെയ്യാൻ ശേഷിയുള്ളവനായിരിക്കണം എന്ന് വിവക്ഷ.

ആദിമസഭയിൽ കൃത്യമായ (specific) ഒരു ആവശ്യ പശ്ചാത്തലത്തിലാണ് സഭാശുശ്രൂഷകരുടെ തിരഞ്ഞെടുപ്പും നിയമനവും നടന്നിരുന്നത്. സഭാ നിയമപ്രകാരമുള്ള പട്ടത്വശ്രേണിയുടെ പ്രഥമ പടിയായിട്ടല്ല ശെമ്മാശസ്ഥാനം നിലവിൽ വന്നത്. സഭാ ശുശ്രൂഷകരുടെ തസ്തികകളും തിരഞ്ഞെടുപ്പുകളും സംബന്ധിച്ച് കർത്താവ് തന്റെ ശിഷ്യന്മാർക്ക് നിർദ്ദേശമൊന്നും നൽകിയിരുന്നില്ല. ഓരോ കാലത്തും സഭാജീവിതത്തിൽ പ്രത്യേക സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടുമ്പോൾ അവ പരിഹരിക്കുന്നതിന് അനുയോജ്യമായ സഭാശുശ്രൂഷകൾക്ക് രൂപം നൽകി യോഗ്യരായവരെ കണ്ടെത്തി നിയോഗിക്കുന്ന പതിവാണ് ഇവിടെ ആരംഭിക്കുന്നത്. ആദിമസഭയിൽ അദ്ധ്യക്ഷന്മാർ/മൂപ്പന്മാർ, പ്രവാചകന്മാർ, ഉപദേഷ്ടാക്കന്മാർ, ഉച്ചാടനക്കാർ (exorcists) തുടങ്ങിയ പല സ്ഥാനികളും നിലവിലിരുന്നു. ഇവയിൽ പലതിനും പിൽക്കാലത്ത് പ്രസക്തി നഷ്ടപ്പെട്ടു. അപ്പോൾ അവ നിന്നുപോവുകയും

ചെയ്തു. സഭയുടെ നിയോഗങ്ങളാണ് പ്രധാനം. അവ ഓരോ കാലത്തും മാറി വരികയും ചെയ്യുന്നു. ഈ നിയോഗങ്ങൾ ഫലപ്രദ (effective) മായി നിർവഹിക്കുന്നതിനുള്ള പ്രവർത്തകർ (functionaries) മാത്രമാണ് സഭാസ്ഥാനികൾ. സാവകാശം നിയോഗത്തേക്കാൾ നിയോഗിതർ സഭയിൽ ശ്രദ്ധാർഹരായി; അധികാരികളുമായി. നിർദ്ദിഷ്ട സഭാശുശ്രൂഷകളുമായി ബന്ധപ്പെട്ടാണ് സഭാശുശ്രൂഷകരുടെ തിരഞ്ഞെടുപ്പും നിയമനവും നിലനിൽപ്പും എന്നത് ചരിത്രത്തിൽ വിസ്മൃതമായി. ശുശ്രൂഷാനിർവാഹകർ സഭാധികാരികളായി പരിണമിച്ചതാണ് സഭയിൽ തർക്കങ്ങളും വിഭാഗിയതയും വർദ്ധിച്ചതിന്റെ ഒരു കാരണം. സ്ഥാനങ്ങൾ സഭയുടെ ആവശ്യപ്രകാരമുള്ള നിർദ്ദിഷ്ട (specific) ശുശ്രൂഷകളുമായി ബന്ധപ്പെട്ടു മാത്രമാണ് രൂപപ്പെട്ടത്. ചുമതലയില്ലാത്ത ശുശ്രൂഷാതസ്തികകൾ ഉണ്ടായിരുന്നില്ല.

കൂടാതെ പരിസരസാക്ഷ്യം, ആത്മപ്രേരിത ജീവിതം, പ്രായോഗികജ്ഞാനം എന്നീ യോഗ്യതാമാനദണ്ഡങ്ങൾ സ്വീകരിച്ച് സഭയെ ഐക്യത്തിൽ നയിക്കുന്നതിനും ഭിന്നതയുള്ളിടത്ത് കൂട്ടായ്മ വീണ്ടെടുക്കുന്നതിനും ശുശ്രൂഷകർക്ക് സാധിക്കണമെന്ന് ആദിമസഭ ആഗ്രഹിച്ചു. മുൻകാല സേവന ദൈർഘ്യം, പ്രായം, ജനപ്രീതി (popularity) എന്നിവയൊന്നും ഇവിടെ യോഗ്യതകളായി പരാമർശിക്കപ്പെടുന്നില്ല എന്ന് ശ്രദ്ധിക്കുക. അപ്പോസ്തോലികകാലത്ത് സഭാശുശ്രൂഷകൾക്ക് യോഗ്യതയായി നിഷ്കർഷിക്കപ്പെട്ട ഘടകങ്ങൾ പിൽക്കാലത്തവഗണിക്കപ്പെട്ടത് സഭയ്ക്കുണ്ടായ പ്രതിസാക്ഷ്യത്തിനും ഭിന്നതയ്ക്കും പലപ്പോഴും നിർണ്ണായകമായി എന്നത് ചരിത്രം.

ശുശ്രൂഷകരുടെ എണ്ണം നിശ്ചയിക്കുന്നത് അവയുടെ സേവന വ്യാപ്തി (volume) യുടെ അടിസ്ഥാനത്തിലായിരുന്നു. മുളന്തുരുത്തി സുന്നഹദോസ് വരെ അവിഭക്ത മലങ്കരസഭയിൽ ഒരു മെത്രാപ്പോലീത്ത മാത്രമായിരുന്നു ഉണ്ടായിരുന്നത്. 1876 മുതൽ 1975 വരെ ഏഴ് ഭദ്രാസനങ്ങളായിരുന്നു സഭയിൽ ഉണ്ടായിരുന്നത്. ഇന്ന് വിഭജിത സഭയിൽ എഴുപതിലധികം മേൽപ്പട്ടക്കാരും അത്രയും തന്നെ ഭദ്രാസനങ്ങളുമായി. ഇത് ആവശ്യമുണ്ടായിട്ടല്ല. സഭാദ്ധ്യക്ഷന്മാരുടെ പ്രതാപം വർദ്ധിപ്പിക്കുന്നതിനായിരുന്നു എന്നത് ആർക്കാണറിഞ്ഞുകൂടാത്തത്. എണ്ണം കൂടുന്നതിനനുസരിച്ച് ഗുണപരത കുറയും എന്നത് ഒരു വസ്തുതയാണ്. ശുശ്രൂഷയുടെ ആവശ്യാടിസ്ഥാനത്തിലല്ല മേൽപ്പട്ടക്കാരുടെ അംഗസംഖ്യാവർദ്ധനവ് എന്നത് വ്യക്തമാണ്. ഇന്ന് വിഭക്തസഭയിൽ സമാധാനം സ്ഥാപിക്കപ്പെടണമെങ്കിൽ ഇവർ എഴുപത് പേരുടെയും സഹകരണം ആവശ്യമായിത്തീർന്നു. അതായത് സഭയിൽ ഇവരുടെ അംഗസംഖ്യാ വർദ്ധന ഭിന്നത പരിഹരിക്കുന്നതിനല്ല; നിലനിർത്തുന്നതിനാണ് കാരണമാകുന്നു എന്ന് നിരീക്ഷിക്കാവുന്നതാണ്. സമീപകാലത്ത് സഭാംഗങ്ങളുടെ എണ്ണമാകട്ടെ കുത്തനെ കുറഞ്ഞു വരികയുമാണ്.

ഇവിടെ ശുശ്രൂഷകരുടെ തിരഞ്ഞെടുപ്പ് വിശ്വാസിസമൂഹത്തിന്റെ പ്രത്യേകമായ (exclusive) അവകാശമായിട്ടാണ് അവതരിപ്പിക്കപ്പെടുന്നത് (അ. പ്ര. 6:3). സഭയിലെ ശെമ്മാശന്മാർ/പട്ടക്കാർ എന്നിവരുടെ തിരഞ്ഞെടുപ്പ് ഇന്ന് മേൽപ്പട്ടക്കാരുടെ സ്വതന്ത്രാധികാരമായി മാറി. വൈദികസ്ഥാനാർത്ഥി അംഗമായ ഇടവകയ്ക്ക് ഇതിൽ യാതൊരു പങ്കുമില്ല. സാക്ഷ്യം, വിവേകം, പരിശുദ്ധാത്മനിറവ് എന്നിവ യോഗ്യതാമാനദണ്ഡത്തിൽ ഉൾപ്പെടാതായി. അവരുടെ തിരഞ്ഞെടുപ്പ്, എണ്ണം, സ്ഥാനം നൽകൽ എന്നിവയെല്ലാം മേൽപ്പട്ടക്കാരൻ തീരുമാനിക്കുന്നു. പട്ടത്വദാനാവകാശം മേൽപ്പട്ടക്കാരന്റെ കുത്തകയായി മാറി. സഭാദ്ധ്യക്ഷനായ കാതോലിക്ക-മലങ്കര മെത്രാപ്പോലീത്തയുടെ തിരഞ്ഞെടുപ്പ് മലങ്കര അസോസിയേഷനിൽ നടക്കണമെന്നാണ് ഭരണഘടന അനുശാസിക്കുന്നത്. എന്നാലിന്ന് അത് പ്രയോഗത്തിൽ മെത്രാൻസംഘത്തിന്റെ പൂർണ്ണനിയന്ത്രണത്തിലായി. വളരെ വിദഗ്ധമായിട്ടാണ് ഇടവക പ്രതിനിധികളുടെ അവകാശം കവർന്നെടുക്കുന്നതും ഭരണഘടനയെ അവഗണിക്കു (bypass) ന്നതും. 2002 ലെ മലങ്കര അസോസിയേഷനിൽ മലങ്കരമെത്രാപ്പോലീത്താസ്ഥാനത്തേക്ക് ഒരാൾ (പരി. മാത്യൂസ് ദ്വിതീയൻ ബാവ) മാത്രം ഉണ്ടായിരുന്നിട്ടും വോട്ടെടുപ്പു നടത്തി അസോസിയേഷന്റെ അവകാശം നിലനിർത്തുവാൻ കോടതി വിധി ഉണ്ടായി എന്നോർക്കുക. സഭാ ശുശ്രൂഷകരുടെ തിരഞ്ഞെടുപ്പ് ജനത്തിന് പൂർണമായി വിട്ടുകൊടുക്കുന്ന അപ്പോസ്തോല നിർദ്ദേശം അങ്ങനെ ആസൂത്രിതമായി ലംഘിക്കപ്പെടുന്നു.

അപ്പോസ്തോലപ്രവൃത്തികളിൽ കാണുന്ന തിരഞ്ഞെടുപ്പുപ്രക്രിയയിൽ ആത്മീയനേതൃത്വം ഇടപെട്ടിരുന്നില്ല എന്നത് ശ്രദ്ധിക്കേണ്ട കാര്യമാണ്. ശെമ്മാശന്മാരുടെ തെരഞ്ഞെടുപ്പിൽ യോഗ്യതാമാനദണ്ഡപ്രകാരമുള്ളവരെ എങ്ങനെ കണ്ടെത്തുന്നു എന്നതാണ് പ്രധാന വിഷയം. മാനദണ്ഡങ്ങൾ പാലിച്ച് യോഗ്യതയുള്ളവരെ അന്വേഷിച്ചു കണ്ടെത്തുകയാണ് episkeptomai എന്നതുകൊണ്ടുദ്ദേശിക്കുന്നത്. സാക്ഷ്യവും പരിശുദ്ധാത്മനിയന്ത്രണവും കാര്യശേഷി (വിവേകം) യും ഉള്ള വ്യക്തികളെ തിരഞ്ഞുപിടിക്കുകയാണ് വിശ്വാസിസമൂഹം നിർവ്വഹിക്കേണ്ട കാര്യം. ഇത് അന്വേഷിക്കുന്നതും വിലയിരുത്തുന്നതും തീരുമാനമെടുക്കുന്നതും സഭാവിശ്വാസികൾ തനിയെയാണ്. ഈ അപ്പോസ്തോലികനിയോഗ

മാണ് ഇന്ന് ദൈവജനത്തിന് നഷ്ടമാകുന്നത്. ഉദാഹരണത്തിന് ഇപ്പോൾ നടക്കുന്ന മേൽപ്പട്ട തിരഞ്ഞെടുപ്പിൽ സാക്ഷ്യം, പരിശുദ്ധാത്മനിറവ്, വിവേകം എന്നിവയ്ക്ക് കാര്യമായ പങ്കില്ല. നേരേമറിച്ച് സാമ്പത്തികം, പ്രചരണശേഷി, സ്വാധീനം, തന്ത്രങ്ങൾ എന്നിവയാണ് നിർണ്ണായകമാകുന്നത്.

അപ്പോസ്തോലസമൂഹം അവരുടെ നിർദ്ദേശങ്ങൾ ദൈവജനത്തിന്മേൽ അടിച്ചേൽപ്പിക്കുകയായിരുന്നില്ല; വിശ്വാസിസമൂഹത്തിന്റെ പരിഗണനയ്ക്ക് വയ്ക്കുകയായിരുന്നു. അതുകൊണ്ട് അവരുടെ പ്രതികരണമായിരുന്നു 'എയ്റെസൻ' എന്ന പദം. അതിന്റെയർത്ഥം ഉചിതം (proper), സ്വീകാര്യം (acceptable), ഇഷ്ടപ്പെട്ടു (pleasing) എന്നെല്ലാമാണ്. ദൈവജനത്തിന്റെ അംഗീകാരപ്രകാരമാണ് തിരഞ്ഞെടുപ്പ് നടന്നത്. ഇവിടെ ആത്മീയനേതൃത്വത്തിന്റെ ഇടപെടൽ വ്യഗ്രതയും ഏകാധിപത്യ സമീപനവും കാണുന്നില്ല. ആത്മീയനേതൃത്വത്തിന്റെ അനിയന്ത്രിത അധികാരപ്രയോഗം സഭയിൽ തർക്കപരിഹാരവും ഐക്യവും കൂട്ടായ്മയും നിലനിർത്തുവാൻ സഹായകമല്ല.

തിരഞ്ഞെടുക്കപ്പെട്ടവരുടെ ശുശ്രൂഷ യവനവിധവകൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരുന്നില്ല. എല്ലാ വിധവമാർക്കുമായിട്ടായിരുന്നു. എങ്കിലും വിശ്വാസിസമൂഹം തിരഞ്ഞെടുത്ത എല്ലാവരും യവന സാംസ്കാരിക-ഭാഷാ പാരമ്പര്യത്തിൽ ഉള്ളവർ മാത്രമായിരുന്നുവെന്ന് അവരുടെ പേരുകൾ വ്യക്തമാക്കുന്നു (അ. പ്ര. 6:6). നീതി സംരക്ഷിക്കപ്പെടണമെങ്കിൽ ദുർബല-ന്യൂനപക്ഷ വിഭാഗത്തിൽ നിന്നു തന്നെയാകണം ചുമതലക്കാർ വരേണ്ടത് എന്ന ചിന്ത സമൂഹത്തിലെത്തിക്കാൻ അപ്പോസ്തോലന്മാർക്ക് കഴിഞ്ഞു. വിശ്വാസിസമൂഹത്തിന് അത് ബോദ്ധ്യപ്പെടുകയും ചെയ്തു. അതുകൊണ്ട് ഭൂരിപക്ഷാധിപത്യമല്ല ദുർബലർക്ക് നീതി നൽകുന്നതാണ് ശരിയായ സഭാതാത്പര്യം എന്ന് വിശ്വാസിസമൂഹത്തിന് തിരിച്ചറിയുവാനുള്ള സാഹചര്യം സൃഷ്ടിക്കുവാൻ ആത്മീയ നേതൃത്വത്തിന് കഴിഞ്ഞതാണ് ഉദാരസമീപനത്തിന് യഹൂദക്രിസ്ത്യാനികൾക്ക് പ്രേരകമായത്. തങ്ങൾക്ക് ഭൂരിപക്ഷമുണ്ടായിരുന്നിട്ടും അവകാശ-സാധ്യതകൾ വിശ്വാസിസമൂഹത്തിന്റെ ഐക്യത്തിനുവേണ്ടി ഉപേക്ഷിക്കുവാൻ തയ്യാറായ യഹൂദക്രിസ്ത്യാനികളായ വിശ്വാസിസമൂഹത്തിന്റെ സമീപനം ഭിന്നതയുടെ സാഹചര്യങ്ങളിൽ സഭയ്ക്കെന്നും മാതൃകയാണ്. മനുഷ്യരക്ഷയെപ്രതി പിതൃതുല്യത അവഗണിച്ച ദൈവപുത്രനാണ് (ഫിലിപ്യ. 2:6) സഭയുടെ മാതൃക എന്നത് ഇന്ന് കാലഹരണപ്പെട്ട ചിന്തയായി തീർന്നു. അധീശത്തം, പിടിച്ചടക്കൽ എന്നിവയ്ക്ക് മൂല്യവർധനയുണ്ടായതോടെ ഭിന്നതയുടെ നിലനിൽപ്പുറപ്പായി. അത് സഭയുടെ വിജയമായി ഇന്ന് വ്യവഹരിക്കപ്പെടുകയും ചെയ്യുന്നു. പിടിച്ചടക്കലല്ല; ഉദാരസൗഹൃദ സമീപനമാണ് ഭിന്നതയ്ക്ക് പരിഹാരമാർഗ്ഗം. ഇവിടെ നടന്നത് യഹൂദക്രിസ്ത്യാനികളുടെയിടയിൽ ഉണ്ടായ വീണ്ടുവിചാരമായിരുന്നു.

1958 ൽ സമുദായക്കേസിൽ പരാജയപ്പെട്ട് ഐക്യത്തിന് തയ്യാറായ വിഭാഗത്തിന് സമാനമായ പരിഗണന തുടർന്നുവന്ന സഭാനേതൃത്വത്തിൽ നിന്നു കിട്ടിയെന്ന് പറഞ്ഞു കൂടാ. 1966 ൽ അഞ്ച് മേൽപ്പട്ടക്കാർ തിരഞ്ഞെടുക്കപ്പെട്ടവരിൽ ഒരാൾ പോലും മുൻ പാത്രിയർക്കീസ് വിഭാഗത്തിൽ നിന്നുണ്ടായിരുന്നില്ല. അതിൽ അന്ന് വാഴിക്കപ്പെട്ട മൂന്നുപേരും നിയോഗിക്കപ്പെട്ടത് ഏകദേശം പാത്രിയർക്കീസ് വിഭാഗത്തിന് പൂർണ്ണമായി സ്വാധീനമുള്ള ഭദ്രാസനങ്ങളിലേക്കായിരുന്നു. ഇത് ആസൂത്രിതമായ പിടിച്ചടക്കൽ പദ്ധതിയായിട്ടാണ് തോറ്റു വന്നവർക്ക് അനുഭവപ്പെട്ടത്. എന്നാൽ ഇവരുടെ പിറുപിറുപ്പ് സഭാ കേന്ദ്രം ശ്രദ്ധിച്ചില്ല. ഈ അസംതൃപ്തസമൂഹത്തിലെ ചിലരുടെ സ്വാധീനമാണ് പാത്രിയർക്കീസ് അയച്ച പ്രകോപനപരമായ 203/70 കൽപ്പനയ്ക്ക് പിന്നിൽ ഉണ്ടായിരുന്നത്. അവഗണന സൃഷ്ടിച്ച അസംതൃപ്തിയാണ് പിന്നീടു രൂപപ്പെട്ട എതിർപ്പിനും വിഭജനത്തിനും ശക്തി പകർന്നത് എന്നോർക്കുക. അങ്കമാലി ഭദ്രാസനത്തിൽ നിന്നും സമാധാനദൗത്യവുമായി സഭാ കേന്ദ്രത്തിലെത്തിയവർ അവഹേളിതരായി മടങ്ങേണ്ടി വന്നത് ഭിന്നതയ്ക്കുള്ള സാദ്ധ്യത വർദ്ധിപ്പിച്ചു. പിടിച്ചടക്കൽ നയവും അധീശത്ത സമീപനവും മുറിവുകളുണക്കാൻ സഹായകമല്ല. അതിനു വേണ്ടത് ദൈവ-സഭാ സ്നേഹവും കരുതലും ഹൃദ്യമായ സമീപനവുമാണ്. ഐക്യസഭയിൽ പലരുടെയും ചരിത്രരചനകളും സഭൈക്യം നിലനിർത്തുന്നതിന് സഹായകമായിരുന്നില്ല. എന്നാൽ ഇവിടെയും സഭ മൗനം പാലിച്ചു. ഈ സഭയിൽ ഐക്യവും സമാധാനവും നിലനിർത്തേണ്ടത് മലങ്കരസഭയുടെ ആവശ്യമായി മനസ്സിലാക്കേണ്ടതായിരുന്നു. അന്ത്യോഖ്യാപാത്രിയർക്കീസിന് ഈ ആവശ്യബോധം ഉണ്ടാകാൻ വഴിയില്ല. സഭാ ഭിന്നത മൂലം അദ്ദേഹത്തിന് ഒന്നും നഷ്ടപ്പെടുവാനുമില്ല. ലാഭം മാത്രം. ഈ കഴിഞ്ഞ അര നൂറ്റാണ്ടിൽ നഷ്ടപ്പെട്ടതെല്ലാം-ജനം, സാക്ഷ്യം, സമ്പത്ത്, അദ്ധ്വാനം-ഈ സഭയ്ക്കാണ്. എന്നിട്ടും സമാധാനത്തെപ്പറ്റിയുള്ള വീണ്ടുവിചാരം അത്മായ-പൗരോഹിത്യനേതൃത്വങ്ങളുടെ മസ്തിഷ്കത്തിൽ ഉദിക്കുന്നില്ല. അതിനുള്ള ഏതു ശ്രമവും ആക്ഷേപിക്കപ്പെടുന്നു.

ഇവിടെ അപ്പോസ്തലന്മാർ മധ്യസ്ഥ (arbitrators) രുടെ കർ

ത്തവ്യ (role) മായിരുന്നില്ല ഏറ്റെടുത്തത്. അവർ ഐക്യശ്രമത്തിന്റെ നിർവാഹകർ (falicitators) ആയിരുന്നതായിട്ടാണ് തിരുവചനസാക്ഷ്യം. ഏതെങ്കിലും ഒരു വിഭാഗത്തിന്റെ ഭാഗമോ വക്താക്കളോ ആയിരുന്നില്ല. സഭ അവരുടെ സേവനം ഉപയോഗപ്പെടുത്തുകയായിരുന്നു. മലങ്കരസഭയുടെ ഗതകാല ഭിന്നതാ സാഹചര്യങ്ങളിൽ ഇതുപോലുള്ളവരുടെ സേവനം സഭ പ്രയോജനകരമായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. 1958 ൽ പാത്രിയർക്കീസും കാതോലിക്കയും പരസ്പരസ്വീകരണം നടത്തിയെങ്കിലും ഇരുകൂട്ടരും തമ്മിലുള്ള വാക്പോര് അവസാനിച്ചിരുന്നില്ല. രേഖകൾ മൂവാറ്റുപുഴ അരമന ആർക്കൈവ്സിൽ തിരക്കിയാൽ കുറെയെങ്കിലും കണ്ടെത്താവുന്നതാണ്. വയലിപ്പറമ്പിൽ മാർ ഗ്രിഗോറിയോസ്, എബ്രഹാം മാർ ക്ലീമ്മീസ് എന്നീ മേൽപ്പട്ടക്കാരും കല്ലൂപ്പറമ്പിൽ ഗീവർഗീസ് അച്ചനും ചേർന്ന സംഘത്തിന്റെ സേവനം ഇരുസഭാദ്ധ്യക്ഷന്മാരും സൗമനസ്യപൂർവ്വം ഉപയോഗപ്പെടുത്തിയതുകൊണ്ടാണ് 1958 ലെ സഭാസമാധാനം നിലനിർത്തുവാനായത്. 1964 ൽ പാത്രിയർക്കീസ് ഇവിടെ വന്നതും ഫീലക്സിനോസ് ശീശ്മയ്ക്ക് വിരാമമിടാൻ കഴിഞ്ഞതും കാതോലിക്കവാഴ്ച നടത്താനായി സഭയിൽ ഐക്യം സൃഷ്ടിച്ചതുമെല്ലാം അവരുടെ സേവനഫലം കൂടിയായിരുന്നു.

2017 ലെ വിധിക്കുശേഷം ഇരുവിഭാഗങ്ങളും തമ്മിലുള്ള ഐക്യസാദ്ധ്യതാശ്രമം വഴി മുട്ടിയപ്പോൾ അന്നത്തെ കാതോലിക്കയെ അറിയിച്ച് അന്ത്യോഖ്യാ പാത്രീയർക്കീസിനെ ബേറൂട്ടിൽ അദ്ദേഹത്തിന്റെ ആസ്ഥാനത്ത് നിക്കോളാവോസ് തിരുമേനിയും ഞാനും കൂടി പോയി കണ്ടു. ആദ്യ ദിവസം അകൽച്ച പാത്രിയർക്കീസ് പ്രകടിപ്പിച്ചെങ്കിലും സന്ദർശനത്തിന്റെ ആത്മാർത്ഥത അദ്ദേഹം മനസ്സിലാക്കുകയും വളരെ ക്രിയാത്മകമായ സംഭാഷണത്തിന് സാഹചര്യമൊരുക്കുകയും ചെയ്തു. പാത്രിയർക്കീസിനെ സംബന്ധിച്ച് പരാമർശമുള്ള ഭരണഘടനയിലെ വകുപ്പുകൾക്ക് മാറ്റം വരുത്തരുത് എന്ന ഉപാധിയോടെ 1934 ലെ സഭാഭരണ ഘടനയും സഭയെ സംബന്ധിച്ച 2017ലെ കോടതി വിധിയും അംഗീകരിക്കാമെന്ന് അദ്ദേഹം വാക്കാൽ സമ്മതിക്കുകയും യാക്കോബായ വിഭാഗത്തിന്റെ കൊച്ചി ഭദ്രാസന മെത്രാപ്പോലീത്തയെ ഞങ്ങളുടെ സാന്നിദ്ധ്യത്തിൽ ടെലഫോണിൽ വിളിച്ച് ഇതിന്റെയടി സ്ഥാനത്തിൽ ഐക്യശ്രമങ്ങൾ തുടങ്ങാൻ നിർദ്ദേശിക്കുകയും ചെയ്തു. കാര്യങ്ങൾ മണത്തറിഞ്ഞ ഇവിടത്തെ സഭയുടെ ഗതി നിയന്ത്രിക്കുന്നവരിൽ ചിലർ വില കുറഞ്ഞ ഭാഷാപ്രയോഗത്തിലൂടെ സമാധാനശ്രമത്തിനുപോയവരെ പരസ്യമായി ആക്ഷേപിച്ച് സമാധാനശ്രമം അട്ടിമറിക്കുകയായിരുന്നു. ഇന്നും കറങ്ങി നടക്കുന്ന ഇതിന്റെ ശബ്ദരേഖ ഇതിന്റെ സാക്ഷി. ഇതോടെ ഈ ന്യായം പറഞ്ഞ് പാത്രിയർക്കീസ് കക്ഷിക്കാർ പിന്മാറുകയും ചെയ്തു. ഇത്തരം സ്വാർത്ഥ ലക്ഷ്യങ്ങൾ നേടുവാനായി രഹസ്യ കാര്യപരിപാടികൾ തയ്യാറാക്കുന്നവർ നേതൃത്വത്തിൽ ഇരുഭാഗത്തും ഉള്ളിടത്തോളം കാലം സഭയിൽ സമാധാനം, ഐക്യം എന്നിവ മരീചികയായി തുടരാം. ഇപ്പോൾ ബദൽ കാതോലിക്കയെ വാഴിച്ച് ഭിന്നത ശാശ്വതമാക്കുവാനുള്ള പദ്ധതിക്കുള്ള ഉപദേശവും പിന്തുണയും ആശീർവാദവും നൽകിയത് നമ്മുടെ സഭാ നേതൃത്വത്തിൽ നിന്നാണ് എന്നതിന്റെ സാക്ഷികൾ പാത്രിയർക്കീസ് കക്ഷിക്കാരാണ് എന്ന് മറക്കണ്ട. ഭിന്നതയുള്ളിടത്ത് പ്രശ്നപരിഹാരത്തിന് ബന്ധങ്ങളും കഴിവുകളുമുള്ളവരുടെ സേവനം ഫലപ്രദമായി ഉപയോഗിച്ചതിന്റെ ചരിത്രമാണ് നാം വിശകലനം ചെയ്ത തിരുവചനഭാഗത്ത് വായിക്കുന്നത്. അതിന്റെ നിരാകരണമാണ് വർത്തമാനകാല സഭയിൽ കണ്ടുവരുന്നത്.

സഭാസമൂഹം കണ്ടെത്തിയ ഏഴുപേരെയും അപ്പോസ്തോലന്മാർ നിരുപാധികം അംഗീകരിച്ച് ശുശ്രൂഷാനിർവഹണത്തിന് നിയോഗിക്കുകയായിരുന്നു. 1966 ൽ മേൽപ്പട്ട സ്ഥാനത്തേക്ക് അഞ്ച് വൈദികരെ അസോസിയേഷൻ തിരഞ്ഞെടുത്തെങ്കിലും അതിൽ പ്രഗത്ഭരും പൊതു അംഗീകാരവുമുണ്ടായിരുന്ന ഫാ. പോൾ വർഗീസ്, ഫാ. എം. വി. ജോർജ് എന്നിവരുടെ സ്ഥാനദാനം തടഞ്ഞ് അന്നത്തെ എപ്പിസ്കോപ്പൽനേതൃത്വം തങ്ങളുടെ അധികാരപ്രയോഗപ്രാപ്തി പ്രകടമാക്കി. നേതൃനിരയിലേക്ക് അംഗീകാരമുള്ളവർ കടന്നുവരുമ്പോൾ എപ്പിസ്കോപ്പൽ നേതൃത്വത്തിനുള്ള അങ്കലാപ്പാണ് ഇവിടെ പ്രകടമാകുന്നത്. അപ്പോസ്തോലന്മാരേക്കാൾ ഒരുപക്ഷേ പ്രഗത്ഭരായ സ്തേഫാനോസിനെയും ഫീലിപ്പോസിനെയും ഉൾക്കൊള്ളാൻ അപ്പോസ്തോലസമൂഹത്തിന് സന്തോഷമേ ഉണ്ടായിരുന്നുള്ളൂ. 1966 ൽ തിരസ്കരിക്കപ്പെട്ടവർ 1975 ൽ ആത്മീയനേതൃത്വത്തിന് സ്വീകാര്യരായി! അത് അവർക്ക് വ്യത്യാസം വന്നതു കൊണ്ടല്ല പ്രത്യുത അന്നത്തെ ഭിന്നതയുടെ സാഹചര്യത്തിൽ ഉണ്ടാകാമായിരുന്ന ഭവിഷ്യത്തുകൾ നേതൃത്വം തിരിച്ചറിഞ്ഞതു കൊണ്ടായിരുന്നു.

ആദിമ ക്രൈസ്തവസഭയിലെ നേതൃത്വവും ജനവും എത്ര ദീർഘവീക്ഷണത്തോടും ദൈവാശ്രയത്തോടെയുമാണ് ഭിന്നതാ സാഹചര്യങ്ങളിൽ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തിയിരുന്നത് എന്ന് ഈ പഠനം വ്യക്തമാക്കുന്നു.

ഭാഷാ-സംസ്കാര പരിധികൾ വിട്ട് സഭ വളരുവാനാരംഭിച്ചപ്പോൾ ഒരു കൂട്ടർക്കുണ്ടായ വിവേചനാനുഭവം ശൈശവദശയിൽ കണ്ടെത്തി അതു സൃഷ്ടിക്കാമായിരുന്ന ഭിന്നത പരിഹരിക്കുന്നതിൽ അന്നത്തെ അപ്പോസ്തോലികസമൂഹം എപ്രകാരം വിജയിച്ചു എന്നതാണ് നാം ഇവിടെ നിരീക്ഷിച്ചത്. ഭിന്നത സഭയുടെ മൗലിക സ്വഭാവത്തിന് വിരുദ്ധമാണ് എന്നും ഐക്യവും കൂട്ടായ്മയും സഭയുടെ അടിസ്ഥാന സവിശേഷതയാണ് എന്നും അന്നത്തെ സഭാ നേതൃത്വത്തിന് ഉറച്ച ബോധ്യമുണ്ടായിരുന്നു. അതുകൊണ്ട് പിറുപിറുപ്പുകൾ ഭിന്നതയിലേക്കു വളരാതിരിക്കുവാൻ അവർ ശ്രദ്ധിച്ചു. സഭയിൽ ഐക്യം പുനഃസ്ഥാപിച്ചതുവഴി സഭയ്ക്കുണ്ടായ സാക്ഷ്യവും വളർച്ചയും അപ്പോസ്തോലപ്രവൃത്തി ആറാം അദ്ധ്യായത്തിൽ തുടർന്നു വായിക്കാവുന്നതാണ്. സഭയിൽ തർക്കങ്ങൾ ഉണ്ടാവുക സാധാരണം. എന്നാൽ അത് രമ്യമായി പരിഹരിക്കുന്നതിൽ നേതൃത്വത്തിന്റെ നീതിബോധം, വീണ്ടുവിചാരം, സഭയുടെ ഭാവിയെപ്പറ്റിയുള്ള ചിന്ത എന്നിവ നിർണ്ണായകമായി. സ്വന്തം അധികാരങ്ങൾ നിലനിർത്തുവാൻ സഭയെ ഭിന്നിപ്പിക്കുന്ന വർത്തമാനകാലത്തെ സഭാനേതൃത്വത്തിന്റെ പ്രവർത്തനശൈലിയിൽ നിന്നും വ്യത്യസ്തമായി അധികാരങ്ങളോട് അകലം പാലിച്ച് സഭയെ ഐക്യത്തിൽ നിലനിർത്തുവാൻ ശ്രമിച്ച അപ്പോസ്തോലികനേതൃത്വത്തിന്റെ ചരിത്രമാണിവിടെ അനാവരണം ചെയ്യപ്പെടുന്നത്.

*(തുടരും...)*

സസ്നേഹം

നിങ്ങളുടെ
അത്താനാസിയോസ് തോമസ്
മെത്രാപ്പോലീത്ത

## ആബൂന ബസേലിയോസ്: എറിത്രിയൻ ഓർത്തഡോക്സ് സഭയുടെ പുതിയ പാത്രിയർക്കീസ്

അസ്മാര എറിത്രിയ: എറിത്രിയൻ ഓർത്തഡോക്സ് സഭയുടെ ആറാമത് പാത്രിയർക്കീസായി ആർച്ച് ബിഷപ്പ് ആബൂന ബസേലിയോസ് (ബേസിൽ) തിരഞ്ഞെടുക്കപ്പെട്ടു. 2024 ഡിസംബർ 9-ാം തീയതി സഭാ ആസ്ഥാനത്ത് നടന്ന തിരഞ്ഞെടുപ്പിൽ സിനഡിന്റെ അംഗങ്ങൾ, ആശ്രമങ്ങളുടെ പ്രതിനിധികൾ, വിവിധ ഭദ്രാസനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ എന്നിവർ സംബന്ധിച്ചു. തിരഞ്ഞെടുപ്പിനുവേണ്ടി രൂപീകരിച്ച കമ്മിറ്റി നാമനിർദ്ദേശം ചെയ്ത മൂന്ന് മെത്രാപ്പോലീത്തന്മാരാണ് ഇലക്ഷനിൽ മത്സരിച്ചത്. പ്രസ്തുത ഇലക്ഷനിൽ ഏറ്റവും അധികം വോട്ടുകൾ നേടിയ ആബൂന ബസേലിയോസ് (ബേസിൽ) തിരഞ്ഞെടുക്കപ്പെടുകയായിരുന്നു. കോപ്റ്റിക് ഓർത്തഡോക്സ് സഭയുടെ പ്രതിനിധികൾ ഈ തിരഞ്ഞെടുപ്പ് പ്രക്രിയയ്ക്ക് മേൽനോട്ടം വഹിച്ചു. പുതിയ പാത്രിയർക്കിന്റെ സ്ഥാനാഭിഷേകം 2025 ജനുവരി 26, ഞായറാഴ്ച, അസ്മാരയിലെ വിശുദ്ധ കന്യകാമറിയാം ദേവാലയത്തിൽ വച്ച് നടത്തപ്പെടും. എറിത്രിയൻ ഓർത്തഡോക്സ് സഭയ്ക്ക് എറിത്രിയിലും വിദേശത്തുമായി ധാരാളം വിശ്വാസികൾ ഉണ്ട്. പുതിയ പാത്രിയർക്കീസിന്റെ തിരഞ്ഞെടുപ്പ് ഈ സഭക്കും വിശ്വാസികൾക്കും ഒരു പുത്തൻ അധ്യായത്തിന്റെ തുടക്കമാണ്. എറിത്രിയൻ സർക്കാരും സഭയുടെ മുൻതലവൻ ആബുന അന്തോണിയോസുമായി ഉണ്ടായ പ്രശ്നങ്ങളും അദ്ദേഹത്തെ വീട്ടുതടങ്കലിൽ ആക്കി സർക്കാർ സഭയെ പീഡിപ്പിച്ചതും ഏറെക്കാലം ഈ സഭയെ ബുദ്ധിമുട്ടിൽ ആക്കിയിരുന്നു. ആ കാലയളവിൽ സഭ രണ്ടായി പിരിഞ്ഞു. ആബുന അന്തോണിയോസിന് പിന്തുണച്ചവർ എക്സൈൽ സിനഡ് എന്നും, വിമതവിഭാഗം അസ്മാര സിനഡ് എന്നും, അറിയപ്പെട്ടു. സർക്കാർ അസ്മാര സിനഡ് പക്ഷത്തിന് പിന്തുണ പ്രഖ്യാപിക്കുകയും ചെയ്തു. സർക്കാർ സഹായത്തോടെ അസ്മാര വിഭാഗം കാനോനിക പാത്രിയർക്കീസ് ജീവിച്ചിരിക്കുമ്പോൾ തന്നെ മറ്റൊരു അകാനോനിക പാത്രിയർക്കീസിനെ വാഴിക്കുകയും, കാനോനിക വിഭാഗത്തെ കൂടുതൽ പീഡിപ്പിക്കുകയും ചെയ്തിരുന്നു. പിന്നീട് ആബുന അന്തോണിയോസ് കാലം ചെയ്തതിനുശേഷം ഓറിയന്റൽ ഓർത്തഡോക്സ് സഭ വിഭാഗങ്ങൾ അസ്മാര സിനഡിന് പിന്തുണ അർപ്പിച്ചതിനുശേഷം ആണ് ഈ തിരഞ്ഞെടുപ്പ് പ്രക്രിയകൾ നടന്നത്. ഓറിയന്റൽ ഓർത്തഡോക്സ് പാരമ്പര്യത്തിലുള്ള ഈ സഭ എത്യോപ്യൻ ഓർത്തഡോക്സ് പാത്രിയർക്കീസിന്റെ ഭരണസീമയിൽ നിന്ന് മാറി സ്വതന്ത്രമായിട്ട് അധികകാലം ആയിട്ടില്ല. എറിത്രിയൻ സഭയുമായി ഇപ്പോൾ ഏറ്റവും അടുപ്പം പുലർത്തുന്നത്, തങ്ങളുടെ (എത്യോപ്യൻ-എറിത്രിയൻ ) പൈതൃക സഭയായ കോപ്റ്റിക് ഓർത്തഡോക്സ് സഭയുമായിട്ടാണ്.



*കടപ്പാട്: OCP*

*പ്രതികരണം*

# ചില ബ്രസീൽ അനുഭവങ്ങൾ

**ഡോ. എം. പി. മത്തായി**

***കഴിഞ്ഞലക്കം തുടർച്ച...***

സൗ പൗലോയിലേക്കുള്ള യാത്രയിൽ ഞങ്ങൾ അപരെസിഡ എന്ന സ്ഥലത്തെ The Basilica of the National Shrine of Our Lady of Aparecida എന്ന് പ്രസിദ്ധമായ കത്തീഡ്രൽ സന്ദർശിച്ചു. വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസലിക്ക കഴിഞ്ഞാൽ ലോകത്തിലെ ഏറ്റവും വിശാലമായ ക്രൈസ്തവ ദേവാലയമാണ് ഇത്. 12000 ചതുരശ്ര മീറ്റർ ആണ് വിസ്തൃതി. കത്തോലിക്കാരായ മൂന്നു മീൻപിടുത്തക്കാർക്ക് അവരുടെ വലയിൽ ഒരു നാൾ മത്സ്യങ്ങളോടൊപ്പം മാതാവിന്റെ ഒരു ചെറുകളിമൺ രൂപം കൂടി കിട്ടി. അവർ അത് അവരുടെ ദേവാലയത്തിന്റെ അൾത്താരയിൽ പ്രതിഷ്ഠിച്ച് ആരാധിച്ചു. അതോടെ അവർക്ക് ധാരാളമായി മത്സ്യം ലഭിക്കാൻ തുടങ്ങിയത്രെ. ജനങ്ങൾ സംതൃപ്തരും, സമ്പന്നരുമായി. ദേവാലയം പുതുക്കി ഇന്നത്തെ നിലയിലാക്കി. ലളിതവും, തികച്ചും മൗലികവുമായ രൂപകല്പനകൊണ്ട് വ്യത്യസ്തത പുലർത്തുന്ന ഒരു സുന്ദര നിർമ്മിതിയാണ് ഈ ദേവാലയം. ഒരു തികഞ്ഞ വിസ്മയം തന്നെ

കഴിഞ്ഞ അനേക വർഷങ്ങളായി ബ്രസീലിൽ ഗാന്ധിയൻ ആദർശങ്ങൾ പ്രചരിപ്പിക്കുന്നതിനുവേണ്ടി ബഹുമുഖ പ്രവർത്തനങ്ങൾ നടത്തിവരുന്ന ഒരു പ്രമുഖ സന്നദ്ധ സംഘടനയാണ് 'പലാസ് അഥേന'. മഹാത്മാഗാന്ധിയുടെ ആത്മകഥ ഉൾപ്പെടെ പല പുസ്തകങ്ങളും, ഗാന്ധിയെക്കുറിച്ചുള്ള പഠനങ്ങളും പ്രസിദ്ധീകരിച്ചതുകൂടാതെ സ്കൂളുകളിൽ ഗാന്ധിയൻ ആദർശങ്ങൾ പരിചയപ്പെടുത്തുന്നതിനുള്ള പല പരിപാടികളും ഇവർ നടത്തിവരുന്നു. ഗാന്ധി പീസ് ഫൌണ്ടേഷൻ ചെയർമാനും കേന്ദ്ര മന്ത്രിയുമായിരുന്ന നമ്മുടെ ശ്രീ. രവീന്ദ്ര വർമ്മ, ഇന്ത്യയുടെ വൈസ് പ്രസിഡന്റായിരുന്ന വെങ്കയ്യ നായിഡു, പീസ് സ്റ്റഡീസിന്റെ പിതാവായി വാഴ്ത്തപ്പെടുന്ന യോഹൻ ഗാൾട്ടുങ്, ശാസ്ത്രകാരനും, ചിന്തകനുമായ ഫ്രിജോഫ് കാപ്ര തുടങ്ങി പ്രഗത്ഭരായ പലരും ഇവിടെ പ്രഭാഷണങ്ങൾ നടത്തിയിട്ടുണ്ട്.

ഇന്ത്യൻ സാംസ്കാരിക മൂല്യങ്ങളുടെ പ്രചാരണത്തിന് പലാസ് അഥേന നല്കിവരുന്ന സംഭാവനകളെ ആദരിച്ച് ഇന്ത്യാ ഗവണ്മെന്റ് സ്ഥാപനത്തിന്റെ ഇപ്പോഴത്തെ ഡയറക്ടർ ശ്രീമതി ലിയാ ഡിസ്കിന് പദ്മശ്രീ പുരസ്കാരം നല്കി ആദരിക്കുകയുണ്ടായി.

ലിയാന്ദ്രോ ഈ സംഘടയുടെ ഭാഗമായതുകൊണ്ടാണ് എന്നെ പ്രഭാഷണത്തിന് ക്ഷണിച്ചത്. സെപ്റ്റംബർ 18 ന് നടത്തിയ പ്രഭാഷണത്തിന്റെ നിർദ്ദിഷ്ട വിഷയം മഹാത്മാഗാന്ധിയുടെ 'അടിസ്ഥാന വിദ്യാഭ്യാസ'മായിരുന്നു. എന്തുകൊണ്ടാണ് ഈ വിഷയം തിരഞ്ഞെടുത്തത് എന്ന എന്റെ ചോദ്യത്തിന് ലിയാ ഡിസ്ക് നൽകിയ മറുപടി ഇപ്രകാരമായിരുന്നു:

'ഇന്ന് വ്യാപകമായി പ്രചാരത്തിലുള്ള യൂറോപ്യൻ വിദ്യാഭ്യാസത്തിന് ബദൽ അന്വേഷിക്കുന്ന ഞങ്ങൾക്ക് ഗാന്ധി മുന്നോട്ടു വെച്ച ബദൽ വിദ്യാഭ്യാസത്തിന്റെ ദാർശനിക അടിത്തറയേയും, ബോധനശാസ്ത്രത്തേയും വ്യക്തമായി മനസ്സിലാക്കാൻ വേണ്ടിയാണ് ഈ വിഷയം തന്നെ നിർദ്ദേശിച്ചത്'.

ശ്രീമതി ഡിസ്കിന്റെ ഈ മറുപടിയിൽ അന്തർഭവിച്ചിട്ടുള്ള സൂചന ലോകത്തിൽ നാഗരികതയുടെ തലത്തിൽ ഉണ്ടാകേണ്ട സമഗ്രമായ മാറ്റത്തെപ്പറ്റി ചിന്തിക്കുന്നവർ, പ്രത്യേകിച്ചും ഗാന്ധിമാർഗ്ഗ പ്രവർത്തകർ, ഗൗരവപൂർവ്വം ശ്രദ്ധിക്കേണ്ടതാണ് എന്ന് കരുതുന്നു.

നേരിട്ടും ഓൺ ലൈനിലുമായി എൺപതോളം പേർ പങ്കെടുത്തു. നേരിട്ട് പങ്കെടുത്തവരിൽ യൂണിവേഴ്സിറ്റി പ്രൊഫസർമാർ, സ്കൂൾ അദ്ധ്യാപകർ, എഴുത്തുകാർ തുടങ്ങിയ പ്രഗത്ഭരായ വ്യക്തികൾ ഉണ്ടായിരുന്നു. ഒരു മണിക്കൂറിൽ അധികം നീണ്ട അവതരണത്തിനുശേഷം നാല്പതു മിനിറ്റ് ചോദ്യോത്തരങ്ങളും ഉണ്ടായി. ചോദ്യങ്ങളെല്ലാം വളരെ പ്രസക്തങ്ങളായിരുന്നു.

സംഘാടനത്തിൽ പുലർത്തിയ മികവും ആതിഥ്യമര്യാദയുടെ തികവും ഹൃദയസ്പർശിയായിരുന്നു. വീണ്ടും വരണം എന്ന അഭ്യർത്ഥനയോടെയാണ് സംഘാടകർ എന്നെ യാത്രയാക്കിയത്.

സൗ പൗലോയിലെ രണ്ടാമത്തെ പരിപാടി 'സ്പൂ'-SPU- എന്ന ചുരുക്കപ്പേരിൽ പ്രസിദ്ധമായ സൗ പൗലോ യൂണിവേഴ്സിറ്റിയിലെ പീസ് സ്റ്റഡീസ് സെന്ററിലെ പാനൽ ചർച്ചയായിരുന്നു. Culture of Peace and Restorative Justice എന്നതായിരുന്നു ചർച്ചാവിഷയം. എനിക്ക് സുപരിചിതമായ അക്കാദമിക മാമൂലുകൾ ക്രമംതെറ്റാതെ പാലിക്കപ്പെട്ട ചടങ്ങായിരുന്നു എങ്കിലും, പങ്കെടുത്ത വിദ്യാർത്ഥികൾ വിഷയത്തിൽ കാട്ടിയ താല്പര്യം ശ്രദ്ധേയവും, പ്രതീക്ഷ നൽകുന്നതുമായിരുന്നു.

ലോകത്തിലെ പ്രശസ്തങ്ങളായ പല യൂണിവേഴ്സിറ്റികളും കാണാനും, അവിടെ പ്രഭാഷണങ്ങൾ നടത്താനും എനിക്ക് അവ

ലിസ്റ്റ് പൗലോ കൊയ്ലോയുടെ ബ്രസീലിലെ വസതി റിയോയിലാണ്. അവിടം സന്ദർശിക്കുമ്പോൾ അദ്ദേഹത്തെ നേരിൽ കണ്ട് മലയാളികൾക്കുവേണ്ടി ആദരവുകൾ അർപ്പിക്കണം എന്ന് ആഗ്രഹിക്കുകയും, അദ്ദേഹത്തെ കാണാൻ അനുമതി തേടാൻ ലിയാൻഡ്രോയോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. നേരിൽ കാണുമ്പോൾ അദ്ദേഹത്തിനു സമർപ്പിക്കാനായി ആൽക്കമിസ്റ്റിന്റെ മലയാളം പരിഭാഷയുടെ ഒരു കോപ്പിയും കരുതിയിരുന്നു.

പൗലോ കൊയ്ലോ വർഷത്തിൽ പകുതിവീതം ബ്രസീലിലെ റിയോയിലും, സ്പെയിനിനെയും ഫ്രാൻസിനെയും വേർതിരിക്കുന്ന പർവ്വതനിരകളിലെ ഒരു ചെറു പട്ടണമായ പൈറെനീസിലും ആയിട്ടാണ് താമസിച്ചിരുന്നത്. ഇപ്പോൾ എഴുപത്തിയേഴ് വയസ്സുള്ള അദ്ദേഹം കഴിഞ്ഞ കുറച്ചു കാലമായി സ്വിറ്റ്സർലൻഡിലെ ജനീവയിലാണ് സ്ഥിരതാമസം. ഇടയ്ക്ക് വല്ലപ്പോഴും മാത്രം റിയോയിൽ വന്നുപോകും. അതുകൊണ്ട് അദ്ദേഹത്തെ കണ്ട് ആദരവുകൾ അർപ്പിക്കാനുള്ള എന്റെ ആഗ്രഹം സഫലമാകാതെ പോയി. അദ്ദേഹത്തിന്റെ അടുത്ത റിയോ സന്ദർശനവേളയിൽ ആൽക്കമിസ്റ്റിന്റെ മലയാളം കോപ്പി സമർപ്പിക്കാനായി ലിയാൻഡ്രോയെ ഏൽപ്പിച്ചിരിക്കുകയാണ്.

പരിപാടികളും, സന്ദർശനങ്ങളും പൂർത്തിയാക്കി സെപ്റ്റംബർ 24 ന് ഞങ്ങൾ മെക്സിക്കോയിലേക്ക് തിരിച്ചു. തുടർന്ന് യു.എസ്സിൽ. രണ്ടിടങ്ങളിലെയും പരിപാടികൾ തീർത്ത് ഒക്ടോബർ 9 ന് നാട്ടിൽ മടങ്ങിയെത്തി.

യാത്രയിലും, പരിപാടികളിലും ഉടനീളം ദൈവാനുഗ്രഹവും, ആത്മബന്ധുക്കളുടെ പ്രാർത്ഥനാശംസകളും സംരക്ഷണവലയം തീർത്ത് കാത്തുസംരക്ഷിച്ചു.

പ്രണാമം.

ളുടെ നീണ്ട നിരകൾ. വഴിയോരങ്ങളെ അലങ്കരിക്കുന്ന പൂച്ചെടികളുടെ വർണ്ണഭംഗി. ഒരു ഉദ്യാനം പോലെ മനോഹരം.

മടങ്ങി റിയോയിൽ എത്തി വിശ്രമിച്ചശേഷം ഞങ്ങൾ സാംസ്കാരിക തീർത്ഥടകരായി. റിയോയിൽ ഞങ്ങൾ നടത്തിയ ഒരു പ്രധാന സന്ദർശനങ്ങളെപ്പറ്റിമാത്രം ചുരുക്കി പറയാം.

റിയോയിലേക്ക് ഏറ്റവുമധികം സന്ദർശകരെ ആകർഷിക്കുന്ന വിശ്വപ്രസിദ്ധമായ 'Christ the Redeemer' പ്രതിമയാണ് സ്വാഭാവികമായും ഞങ്ങൾ സന്ദർശിച്ച ഒരു പ്രധാന ഇടം. ഇരുപത്തിയാറ് അടി ഉയരമുള്ള പീഠത്തിലാണ് കോൺക്രീറ്റും സോപ്പ്കല്ലും ചേർത്ത് നിർമ്മിച്ച തൊണ്ണൂറ്റിയെട്ട് അടി ഉയരമുള്ള ക്രിസ്തുവിന്റെ പ്രതിമ സ്ഥാപിച്ചിട്ടുള്ളത്. കൈകളുടെ വിരിവ് 92 അടിയുണ്ട്.

സ്വതവേ അലസരായ ബ്രസീലുകാർ പണിയെടുക്കാൻ തുടങ്ങുന്നതുകാണുമ്പോൾത്തന്നെ കൈയടിക്കാൻ വേണ്ടി യേശുദേവൻ കൈവിടർത്തി കാത്തിരിക്കുകയാണ് എന്ന് ഈ പ്രതിമയെപ്പറ്റി മറ്റ് ലാറ്റിൻ അമേരിക്കൻ രാജ്യക്കാർ ഒരു തമാശ പ്രചരിപ്പിച്ചിട്ടുണ്ട്.

റിയോയിലെ അവസാന പരിപാടി 'യോഗ ന ഗ്ലോറിയ' എന്ന യോഗ സെന്ററിലെ പ്രഭാഷണമായിരുന്നു. തികച്ചും ഇന്ത്യൻ ശൈലിയിൽ സംവിധാനം ചെയ്യപ്പെട്ടിട്ടുള്ള ഒരു യോഗാകേന്ദ്രം. 'ഇന്നത്തെ ലോകത്തിൽ ഗാന്ധിയൻ അഹിംസയുടെ പ്രസക്തി' എന്നതായിരുന്നു ചർച്ചാവിഷയം. ഏറ്റവും കൂടുതൽ ചോദ്യങ്ങൾ ഉന്നയിക്കപ്പെട്ട കോൺഫ്രൻസ് ആയിരുന്നു ഇത്. ഒരു മണിക്കൂർ വിഷയാവതരണവും രണ്ടു മണിക്കൂർ ചോദ്യോത്തരവും.

റിയോ യാത്രയിൽ ഉണ്ടായ നിരാശാജനകമായ ഒരനുഭവംകൂടി പങ്കുവെയ്ക്കാം. മലയാള വായനക്കാർക്ക് സുപരിചിതനായ നോവ

സരം ലഭിച്ചിട്ടുണ്ട്. എന്നെ വിസ്മയിപ്പിച്ച ക്യാമ്പസ്സുകളിൽ ഒന്ന് മുപ്പത്തിയെണ്ണായിരം കുട്ടികൾ താമസക്കാരായുള്ള ആക്രയിലെ ഘാന യൂണിവേഴ്സിറ്റിയാണ്. 1948 ൽ ബ്രിട്ടീഷ്കാർ സ്ഥാപിച്ച ഈ യൂണിവേഴ്സിറ്റിയേക്കാൾ വിസ്ത്രിതിയുണ്ട് സ്പൂവിന്. പലവട്ടം ആ ക്യാമ്പസ് സന്ദർശിച്ചിട്ടുള്ള ലിയാൻഡ്രോക്ക് ക്യാമ്പസ്സിനകത്ത് വഴിതെറ്റുകയും, സ്ഥലത്തെത്താൻ ലൊക്കേഷൻ മാപ്പിനെ ആശ്രയിക്കേണ്ടിവരുകയും ചെയ്തു.

ഇതിൽനിന്നും ക്യാമ്പസ്സിന്റെ വിസ്തൃതി എത്രയെന്ന് അനുമാനിക്കാമല്ലോ!

സൗ പൗലോയിൽ അക്കാദമിക പരിപാടികൾ കൂടാതെ ഞങ്ങൾ ഒരു ആദ്ധ്യാത്മിക സന്ദർശനം കൂടി നിർവ്വഹിക്കുകയുണ്ടായി. അതാകട്ടെ, വിദ്യാഭ്യാസ തത്വചിന്തകനും, ക്രിട്ടിക്കൽ പെഡഗോജിയുടെ ഉപജ്ഞാതാവും, 'Pedagogy of the Oppressed' എന്ന പ്രസിദ്ധമായ ഗ്രന്ഥം വഴി കേരളത്തിലെ വിദ്യാഭ്യാസപ്രവർത്തകർക്ക് സുപരിചിതനുമായ പൗലോ ഫ്രെയ്റേ അന്ത്യവിശ്രമം കൊള്ളുന്നത് Cemiterio da Paz-Cemetery of Peace എന്ന അതിവിസ്തൃതമായ സെമിത്തേരി സന്ദർശിച്ച്, അദ്ദേഹത്തിന്റെ ശവകുടിരത്തിൻ മുന്നിൽ നിന്ന് ആദരാഞ്ജലികൾ അർപ്പിച്ചതാണ്.

കേരളത്തിലെ ക്രൈസ്തവ ദേവാലയങ്ങളുടെ ശവക്കോട്ടകൾ കണ്ടുശീലിച്ചിട്ടുള്ളവർക്ക് പീസ് സെമിത്തേരി ഒരു അത്ഭുതംതന്നെയായിരിക്കും. അത്രകണ്ട് ക്രമീകൃതവും, സുന്ദരവുമാണ് അവിടം. ആരെ, ഏതു നിരയിൽ,എവിടെ സംസ്കരിച്ചിരിക്കുന്നു എന്നു തുടങ്ങി എല്ലാ വിവരങ്ങളും കംബ്യൂട്ടറൈസ് ചെയ്തിരിക്കുന്നു. സന്ദർശകരെ കൊണ്ടുപോകാൻ ബാറ്ററിയിൽ ഓടുന്ന ചെറു വാഹനങ്ങൾ. വലിയ തണൽ മരങ്ങ

ധ്യാനം

# മറ്റമ്മയാവാനല്ല, അമ്മയാവാനാണ് വിളി

**വി. ലൂക്കാ. 1:26 – 38**

**ഫാ. സിബി മാത്യു വർഗീസ്**

**ഒ**രു സ്ത്രീ തന്റെ ഗർഭപാത്രം ഗർഭധാരണത്തിനും പ്രസവത്തിനുമായി നല്കുക വഴി കുട്ടികളില്ലാത്ത ദമ്പതികൾക്കോ വ്യക്തിക്കോ കുട്ടികളെ ജനിപ്പിക്കാൻ സൗകര്യമൊരുക്കുന്ന സമ്പ്രദായമാണ് വാടകഗർഭധാരണം അഥവാ സറഗസി. ഇത്തരത്തിൽ ഗർഭപാത്രം നല്കുന്ന സ്ത്രീയെ 'സറഗേറ്റ് അമ്മ' അഥവാ 'മറ്റമ്മ' എന്നാണു വിളിക്കുക. സ്വന്തം രക്തത്തിൽ ഒരു കുഞ്ഞിനെ ലഭിക്കാൻ ഗർഭധാരണം മൂലമുണ്ടാകുന്ന ഒരു പ്രയാസവും അറിയാതെ ചുരുക്കത്തിൽ 'ക്രെഡിറ്റ് കാർഡ്' ഉപയോഗിച്ച് കുഞ്ഞിനെ കരസ്ഥമാക്കുന്ന ഒരു സംവിധാനമായി മാറി വാടകഗർഭധാരണം. ഗർഭപാത്രം വില്പനചരക്കാക്കുന്ന സംസ്കാരം. (ദാരിദ്ര്യം കൊണ്ട് സ്വന്തം കുഞ്ഞുങ്ങളെ തീറ്റിപോറ്റാൻ മറ്റമ്മ ആകേണ്ടിവരുന്ന സ്ത്രീകളുടെ ഗതികേടിനെയോർത്തു സങ്കടമുണ്ട്.) സറഗസിയുടെ ഈ കാലഘട്ടത്തിൽ ഒരു സ്ത്രീയുടെ ത്യാഗനിർഭരവും, ധൈര്യപൂർവ്വവുമായ നിലപാട് നമുക്ക് നേരെ വിരൽ ചൂണ്ടുന്നുണ്ട്. Reproduductive Autonomy അഥവാ പ്രത്യുൽപ്പാദന സ്വയം നിർണ്ണയ അവകാശം അംഗീകൃത നിയമമായി നിലനിൽക്കുന്ന കാലമാണിത്. നിയമല്ലെങ്കിൽപോലും ഗർഭധാരണം, പ്രസവം എന്നിവയിൽ സ്വയം തീരുമാനമെടുക്കുവാനും, നിയന്ത്രിക്കുവാനുമുള്ള അധികാരം അവൾക്കു മാത്രമാണ്. ഉടൽ അവളുടേതാണ്. ഉടലിന്റെ ഉടമസ്താവകാശം പൂർണ്ണമായും അവളിൽ നിക്ഷിപ്തമായിരിക്കുന്നു. ഗർഭപാത്രം അവളുടെ സ്വകാര്യ സ്വത്താണ്. അത് കേവലം ഉദരമല്ല. ഇഷ്ടാനിഷ്ടങ്ങൾ നോക്കാതെ എന്തും, എപ്പോൾ വേണമെങ്കിലും കയറി ഇറങ്ങി പോകുവാനുള്ള ഇടമല്ല അവൾക്ക് ഗർഭപാത്രം. അത് അവളുടെ സ്വത്വത്തിന്റെ ഭാഗം തന്നെയാണ്. ആ സ്വകാര്യതയിലേക്കാണ് ദൈവത്തിന്റെ നുഴഞ്ഞു കയറ്റം. ജർമ്മൻ യോഗിയായ മെയ്സ്റ്റർ എക്കാർട് (Meister Eckhart) പറയുന്നുണ്ട് 'God was searching for a womb and then He finds Mary'. 'ദൈവം ഒരു ഗർഭപാത്രത്തിനായി അലയുകയായിരുന്നു. അങ്ങനെ അവൻ മറിയത്തെ കണ്ടെത്തി. 'ഒരു അന്വേഷണത്തിൽ തന്നെയാണ് മറിയത്തെ കണ്ടെത്തുന്നത്. രക്ഷകന് ജനിക്കാൻ വാടകക്ക് (for rent) ഗർഭപാത്രമൊരുക്കി കാത്തിരുന്നവർ കൊട്ടാരങ്ങളിലും, മണിമാളികകളിലും ഉണ്ടായിരുന്നു. രക്ഷകന്റെ അമ്മയായി വിലസാൻ കാത്തിരുന്നവർ. യിസ്രായേലിന്റെ പുതിയ രാജാവിനെ തിരഞ്ഞെടുക്കുവാൻ യിശായിയുടെ ഭവനത്തിലേക്ക് പോയ യഹോവയുടെ പ്രവാചകനുപോലും ധാരണ പിശക് ഉണ്ടാകുന്നുണ്ട്. ഇതായിരിക്കും ഇതായിരിക്കും എന്നു ഊഹിച്ചു പ്രവാചകൻ ഓരോരുത്തരെ പിടിച്ചു മുൻപിൽ നിർത്തുന്നുണ്ട്. എന്നാൽ ദൈവത്തിന്റെ അരുളപ്പാട് അല്പം കടുപ്പത്തിൽ തന്നെയായിരുന്നു: 'ഇയാൾ നോക്കുന്നതുപോലെ പൊക്കവും, തടിയുമൊന്നുമല്ല ഞാൻ നോക്കുന്നത്. എന്റെ നോട്ടം ഹൃദയത്തിലേക്കാണ്' (1. ശമു. 16: 7). ഗർഭപാത്രമൊരുക്കി കാത്തിരിക്കുന്നവർ ഒരുപാട്പേരു കാണും, രക്ഷകന് ജനിക്കാൻ ഹൃദയമൊരുക്കി കാത്തിരുന്നവൾ അവൾ മാത്രമായിരുന്നു. വാടകയൊന്നും അവകാശപെടാതെ പ്രതിഫലേച്ഛയൊന്നും കൂടാതെ അവൾ തന്റെ ശരീരം മുഴുവനായി ദൈവസന്നിധിയിൽ സമർപ്പിക്കുകയാണ്. അതുകൊണ്ടുതന്നെ അവൾ മറ്റമ്മയല്ല, അമ്മയാണ്.

ഇതാ ഞാൻ കർത്താവിന്റെ ദാസിയെന്നു പറഞ്ഞുകൊണ്ട്, ദാസ്യപദവിയാണ് അവൾ സ്വീകരിക്കുന്നത്. പക്ഷേ ദാസിയാകുവാൻ ആഗ്രഹിച്ചവളെ ദൈവം വിളിച്ചുയർത്തുന്നത് ശ്രേഷ്ഠമായ മാതൃത്വത്തിലേക്കാണ്, ദൈവത്തിന്റെ മാതാവ് (Theotokos). ആഗമനകാലം ദൈവത്തിന് മാതാവാകാനുള്ള ആഹ്വാനമാണ് (Advent season is a call to become the Mother of God). ഗർഭപാത്രമല്ല അവിടെ മാനദണ്ഡം, അവനു ജനിക്കാൻ ഒരുക്കപ്പെട്ട ഒരു ഹൃദയമുണ്ടോ എന്നതാണ് പ്രസക്തം. ലിംഗഭേദമന്യേ അതിനു സാധിക്കുന്നുണ്ടോ എന്നുള്ളതാണ് മുഖ്യം. മറ്റമ്മയാവാൻ നമുക്കും താത്പര്യം ഉണ്ടാകും. കാരണം അതിനു കൂലിയുണ്ട്/പ്രതിഫലമുണ്ട്. മറ്റമ്മയ്ക്കു എന്താണ് ഉത്തരവാദിത്തം? ഒന്നുമില്ല. ആർക്കോ വേണ്ടി പെറ്റിടുക, കൂലി കൈപ്പറ്റുക. അതിന്റെ വളർച്ചയെപ്പറ്റി ഒരു അന്വേഷണവുമില്ല. പക്ഷേ ആ കാലത്ത് അവിഹിത ഗർഭമെന്നു (miss-pregnency) വിളിക്കാവുന്ന ഒരു ദുർസ്ഥിതിയെ തന്റെ സുധീരമായ നിലപാടുകൊണ്ട് തലമുറകൾ തന്നെ വാഴ്ത്തുന്ന ഭാഗ്യാനുഭവമാക്കി പരിവർത്തനപ്പെടുത്തിയത് വെറുതെ മാലാഖയുടെ വാക്കും കേട്ട് പെറ്റിട്ടതുകൊണ്ട് മാത്രമല്ല, അതിന്റെ പിന്നിലൊളിഞ്ഞു കിടക്കുന്ന ഒരു സഹനത്തിനു കൂടി തലയാട്ടിയതുകൊണ്ടാണ്. അത്

ബേത്ലഹേമിന്റെ മഞ്ഞു പെയ്യുന്ന സുന്ദരരാത്രിയിൽ മാത്രമല്ല, കുരിശോളം, അല്ലെങ്കിൽ അതിനുമപ്പുറം നീണ്ടുനിൽക്കുന്ന സഹനമാണ്. മംഗളവാർത്ത ഇഷ്ടമില്ലാത്തവർ ആരാണുള്ളത്? എല്ലാ നിമിഷവും അത് പ്രതീക്ഷിച്ചാണ് നമ്മുടെ ഓട്ടം. മംഗളവാർത്തകൾ കേൾക്കാനും, തലയാട്ടി ഉവ്വ പറയാനും എല്ലാവർക്കും കഴിയും. പക്ഷേ അതിന്റെ ഗൗരവവും, അതിനുവേണ്ടി ഏറ്റുവാങ്ങേണ്ടി വരുന്ന പഴിയും, ദുഷിയും, പരിഹാസവും, പരിക്കും ബോധ്യപ്പെട്ട്, മംഗളവാർത്തയോട് ക്രിയാത്മകമായി പ്രതികരിക്കുക അത്ര എളുപ്പമല്ല. ഭൂരിഭാഗം സ്ത്രീകൾക്കും അവളുടെ ജീവിതത്തിൽ കേൾക്കാൻ ആഗ്രഹിക്കുന്ന ഒരു മംഗളവാർത്ത അവൾ അമ്മയാകാൻ പോകുന്നുയെന്നതാണ്. എന്തെല്ലാം സ്വപ്നങ്ങളാണ് അവൾ നെയ്യുന്നത്. പക്ഷേ എല്ലാ സ്വപ്നങ്ങളെയും കീഴ്മേൽ മറിക്കുന്ന ഒരു വാർത്ത എങ്ങനെ മംഗളമായി കണകാക്കും. ഒരു സ്ത്രീയെന്ന നിലയിൽ ആ കാലത്തെ സമൂഹം അവൾക്ക് കല്പിച്ചിരിക്കുന്ന ചില പരിധികളും, പരിമിതികളുമുണ്ട്. ആ പരിധികൾക്കപ്പുറത്തേക്ക് സഞ്ചരിക്കാനാണ് നിയോഗം. A journey beyond the borders. ശരിക്കും മാതൃത്വം അതല്ലേ! തന്റെ കുഞ്ഞിനുവേണ്ടി എന്തും ചെയ്യാൻ തയ്യാറാകുന്ന അമ്മ, ഏതറ്റം വരെയും പോകുന്ന അമ്മമനസ്സ്. നായയെന്നു വിളിച്ച് അധിക്ഷേപിച്ചിട്ടും പിറകേ നടന്നു മകൾക്ക് സൗഖ്യം വാങ്ങികൊടുക്കുന്ന അമ്മയെ ഓർക്കുന്നില്ലേ. ആ മാതൃത്വത്തിലേക്കാണ് വിളി. സവിനയം അവൾ അത് ഏറ്റെടുക്കുകയാണ്. വെറുതേയല്ല, ഒരു അന്വേഷണമുണ്ട്; ഇതെങ്ങനെ സംഭവിക്കും? തികച്ചും യുക്തിപരമായ അന്വേഷണം. ദൂതൻ പറഞ്ഞു, 'പരിശുദ്ധാത്മാവ് നിന്റെമേൽ വരും; പരമോന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും'. പിന്നീടൊരു ചോദ്യത്തിനും പ്രസക്തിയില്ലായെന്നു അവൾക്കു ബോധ്യപ്പെട്ടു. അവൾ പറഞ്ഞു, "ഇതാ, ഞാൻ കർത്താവിന്റെ ദാസി; നീ പറഞ്ഞതുപോലെ എനിക്കു സംഭവിക്കട്ടെ.' യജമാനന്റെ ഇഷ്ടത്തിനനുസരിച്ചു മാത്രം ചലിക്കുന്ന കേവലം ദാസിയല്ല. യജമാനനെ പോലും തിരുത്തുകയും, രൂപപ്പെടുത്തുകയും ചെയ്യുന്ന ചാലകശക്തിയായി അവളിലെ അമ്മയെ പലയിടങ്ങളിലും കാണാം. അതുകൊണ്ടാണല്ലോ ദാസിയായിരുന്നവൾ പിന്നീട് യജമാനന്റെ അമ്മയും, പിന്നെ ലോകം മുഴുവന്റെയും അമ്മയായും, വിശുദ്ധയായുമൊക്കെ തീർന്നത്. ഒരു ദൈവദാസി കാണിച്ചുതന്ന വിശുദ്ധ മാതൃത്വം (A Holy Motherhood). ദൈവപുത്രന് അമ്മയാകുവാനുള്ള വിളിയും, നിയോഗവും ഒരുതരത്തിൽ സാഹസികം തന്നെയല്ലേ. An adventurous motherhood.

അവൾ ആ വിളി ഏറ്റെടുത്തു, അമ്മയാകുവാൻ, മറ്റമ്മയല്ല. അമ്മയാവാനാണ് വിളി... കഴിയുമോ നിനക്ക്?

## യുവജനപ്രസ്ഥാനം ഏകദിന സമ്മേളനം

കണ്ടനാട് ഈസ്റ്റ് യുവജനപ്രസ്ഥാനം ഇടുക്കി മേഖല ഏകദിന സമ്മേളനം 2024 നവംബർ 16 ശനിയാഴ്ച കത്തി പാറത്തടം സെന്റ് ജോർജ് ഓർത്തഡോക്സ് സുറിയാനി പള്ളിയിൽ വച്ച് നടത്തപ്പെട്ടു. ഇടവക വികാരിയും, മേഖലാ പ്രസിഡണ്ടുമായ ഫാ. ജിജോ മത്തായിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന് കത്തിപ്പാറത്തടം സെന്റ് ജോർജ് യുവജന പ്രസ്ഥാനം സെക്രട്ടറി ബേസിൽ മാർട്ടിൻ സ്വാഗതം ആശംസിച്ചു.ഇടവക മെത്രാപ്പോലീത്ത അഭി.ഡോ.തോമസ് മാർ അത്താനാസിയോസ് തിരുമേനി യോഗത്തിന്റെ ഉദ്ഘാടന കർമ്മം നിർവഹിച്ചു.മൂവാറ്റുപുഴ സെൻറ് തോമസ് കത്തീഡ്രൽ സഹവികാരി ബഹു. ഫാ. സിബി മാത്യു വർഗീസ് ക്ലാസുകൾ നയിച്ചു.ഭദ്രാസന യുവജന പ്രസ്ഥാനം വൈസ് പ്രസിഡന്റ് ഫാ. എൽദോ ജോയ് കടുകുമാക്കിൽ, സെക്രട്ടറി എൽസൺ ജോണി എന്നിവർ ആശംസകൾ അറിയിച്ചു. ഫാ. ബിനോയി ജോൺ, ഫാ.ബാബു എബ്രാഹം, ഫാ.അബി ഉലഹന്നാൻ എന്നീവർ സന്നിഹതരായിരുന്നു. 80 ലധികം വരുന്ന യുവജന പ്രസ്ഥാനം അംഗങ്ങളുടെ സജീവവമായ സാന്നിധ്യം യോഗം വിജയകരമാക്കിത്തീർത്തു. അഞ്ജലി മുല്ലശ്ശേരിൽ യോഗത്തിന് നന്ദി അർപ്പിച്ചു. സ്നേഹവിരുന്നോടെ യോഗം മംഗളമായി പര്യവസാനിച്ചു.



യുവജനപ്രസ്ഥാനം ഏകദിന സമ്മേളനത്തിൽ പങ്കെടുത്ത പ്രതിനിധികളും വൈദികരും അഭിവന്ദ്യ തിരുമേനിയോടൊപ്പം

ക്രിസ്മസ് സന്ദേശം

# പ്രത്യാശയുടെ നക്ഷത്രദീപങ്ങൾ

ഫാ. ഡോ. കെ. എം. ജോർജ്

**യേ**ശുക്രിസ്തു ജനിച്ചത് പാലസ്തീനിലാണ്. തീർത്തും ദുഃഖകരമായ സാഹചര്യങ്ങളാണ് തിരുപ്പിറവിയെ ചൂഴ്ന്നുനിന്നത്. പൂർണ്ണ ഗർഭിണിയായ യേശുവിന്റെ അമ്മയ്ക്ക് ഒന്നു കയറിക്കിടക്കാൻ ഇടമില്ലായിരുന്നു. അതുകൊണ്ടാണല്ലോ കാലിത്തൊഴുത്തിലെ പുൽക്കൂട്ടിൽ യേശു ജനിച്ചത്.

അധികം ദിവസങ്ങളാകുന്നതിനുമുൻപ് രാജകോപത്തെ ഭയന്ന് കുഞ്ഞിനെയും മാറോടണച്ച് ഈജിപ്തിലേക്ക് അഭയാർത്ഥികളെപ്പോലെ ആ അമ്മയും ഔസേപ്പും ഓടിപ്പോയി. ജനിച്ച ശിശുവിനെക്കുറിച്ച് കിഴക്കുനിന്നും വന്ന ജ്യോതിശാസ്ത്ര വിദ്വാന്മാർ രാജകൊട്ടാരത്തിൽ വന്നു പറഞ്ഞു. ഒരപൂർവ്വ നക്ഷത്രം ആകാശത്തു പൊട്ടിവിരിഞ്ഞിരിക്കുന്നുവെന്ന്. തന്റെ ഭാവിയെക്കുറിച്ചു ഭയന്ന രാജാവ് ഉടൻ ഉത്തരവിട്ടു. പ്രദേശത്തുള്ള ആൺ പൈതങ്ങളെയെല്ലാം ഉടനടി കൊല്ലുവാൻ.

ഇന്ന് ഈ വർഷം ക്രിസ്മസ് എന്ന യേശുവിന്റെ ജനനം ലോകം ആഘോഷിക്കുമ്പോൾ പാലസ്തീനിൽ കേൾക്കുന്നത് കൈക്കുഞ്ഞുങ്ങളുടെ ദീനാർത്തമായ നിലവിളികളാണ്. അവരെ മാറോടണയ്ക്കുന്ന അമ്മമാർക്ക് ഒരാശ്വാസവും പകരാനില്ല. വെള്ളമില്ലാതെ, വെളിച്ചമില്ലാതെ തിന്നാനും കുടിക്കാനും കാര്യമായി ഒന്നും ലഭിക്കാതെ പൂർണ്ണ ഗർഭിണികളായ വൃദ്ധജനങ്ങളും സ്ത്രീകളും കിടപ്പുരോഗികളും തിരിയാനിടമില്ലാതെ ഉറഞ്ഞ ഭയത്തിൽ കഴിയുന്നു.



ഗാസാ എന്ന കൊച്ചു മുനമ്പിൽ 1980-കളിൽ ഒരു ഡെലിഗേഷന്റെ ഭാഗമായി പോകുവാൻ ഈ ലേഖകന് അവസരമുണ്ടായി. മരുഭൂമിപോലെ, കുറെ നാരകത്തോട്ടങ്ങളും യുദ്ധഭീഷണിയിൽ കഴിയുന്ന പാവങ്ങളായ മനുഷ്യരുള്ള ആ സ്ഥലത്തു നിന്നാണ് ആർത്തനാദങ്ങൾ ഉയരുന്നത്. മനഃസാക്ഷിയെ പിടിച്ചുകുലുക്കേണ്ടതാണിത്. ഇവിടെ രാഷ്ട്രീയമോ പ്രത്യയശാസ്ത്രമോ ഒന്നും ആരും പറയേണ്ട. മനുഷ്യവർഗത്തിന്റെ ഭാവിയെ കുറിക്കുന്ന കുരുന്നുകളെ പട്ടിണിക്കിടാനും നിർദ്ദയമായി ബോംബിട്ടു കൊല്ലുവാനും ആരെയെങ്കിലും ലോകം അധികാരപ്പെടുത്തിയിട്ടുണ്ടോ? ക്രിസ്തുവിന്റെ പരസ്യപ്രവർത്തനകാലത്ത്, യുദ്ധത്തിന്റെയും കീഴടക്കലിന്റെയും തീവ്രത പ്രവചിച്ച അദ്ദേഹം പറഞ്ഞു:

'ഗർഭിണികൾക്കും മുലകൊടുക്കുന്ന അമ്മമാർക്കും മഹാദുഃഖം'.

എന്തിനാണ് പുരുഷന്മാരെക്കുറിച്ചും ആരോഗ്യമുള്ളവരെക്കുറിച്ചും പറയാതെ ഇത് യേശു പറഞ്ഞത്?

കാരണം മനുഷ്യഭാവിയെ മാറോടണച്ച്, മനുഷ്യവംശത്തിന്റെ ജീവനുവേണ്ടി പാൽ ചുരത്തുന്ന അമ്മമാരും ജനിക്കാൻ ഒരുങ്ങുന്ന ഭാവിശിശുക്കളെ ഉദരത്തിൽ വഹിക്കുന്ന ഗർഭിണികളും-അവരാണ് തീവ്രമായ വേദന അനുഭവിക്കുന്നത്. അതവരുടെ സ്വന്തം ജീവനുവേണ്ടിയല്ല. മനുഷ്യരാശിയുടെ ഭാവിയാണ് പേടിച്ചരണ്ട് തങ്ങളുടെ മാറിൽ ചേർന്നുകിടക്കുന്നതും യുദ്ധത്തിന്റെ ഭീകരമായ ശബ്ദം കേട്ട് ഗർഭാശയങ്ങളിൽ ഞെട്ടിത്തരി

ക്കുന്ന ശിശുക്കളും എന്നറിഞ്ഞതു കൊണ്ടാണ്.

നിനച്ചിരിക്കാത്ത നിമിഷങ്ങളിൽ ബോംബുസ്ഫോടനങ്ങളും ബുള്ളറ്റുകളും മിസൈലുകളും വീടുകളിലും ദേവാലയങ്ങളിലും ആംബുലൻസുകളിലും അഭയാർത്ഥി ക്യാമ്പുകളിലും പതിക്കുന്നു. ഇരിക്കാനും കിടക്കാനും ഇടമില്ലാതെ നട്ടംതിരിയുന്നുവെങ്കിലും അവരുടെയുള്ളിൽ ജീവന്റെ പ്രത്യാശയിൽ ഒരു ചെറുതിരിനാളം ജ്വലിക്കുന്നുണ്ട്.

ഒന്നു നാമോർക്കണം. നിങ്ങളുടെ മതം ഏതായാലും, നിങ്ങളുടെ ദൈവത്തിന് നിങ്ങൾ എന്തു പേരിട്ടാലും ഇപ്പോൾ നടക്കുന്നതൊന്നും ആ ദൈവത്തിന്റെ പ്രവർത്തിയല്ല.

അധികാരത്തിന്റെയും വംശീയതയുടെയും അഹങ്കാരവും വിദ്വേഷവും വമിപ്പിച്ച് സ്വന്തം സഹോദരങ്ങളെയും അയൽക്കാരെയും ചുട്ടുകളയുന്ന മനുഷ്യന്റെ പ്രവർത്തിയാണത്. യേശു പഠിപ്പിച്ചത് ഇത്തരം മനുഷ്യരുടെ ഗോത്രദൈവങ്ങളെക്കുറിച്ചല്ല. ക്ഷമിക്കുകയും സ്നേഹിക്കുകയും നഷ്ടപ്പെട്ടുപോയ ആടുകളെ തേടി നടക്കുകയും തന്റെ മക്കൾക്കുവേണ്ടി ജീവൻ നൽകുകയും ചെയ്യുന്ന ഒരു ദൈവത്തെയാണ്. കോപവും കാലുഷ്യവും നിറഞ്ഞ നമ്മുടെ ലോകത്തിൽ നീതിയും സമാധാനവും അസാധ്യമെന്ന് ആരും കരുതരുത്. മനുഷ്യരായ നാം ഇച്ഛിക്കുന്നുവെങ്കിൽ നമ്മുടെ അപാരമായ സർഗ്ഗശേഷിയെ നമ്മുടെ സഹോദരങ്ങളായ എല്ലാ മനുഷ്യർക്കുവേണ്ടിയും നമ്മോടുകൂടി അധിവസിക്കുന്ന ജീവജാലങ്ങൾക്കുവേണ്ടിയും സമ്യക്കായി ഉപയോഗിക്കാൻ നാം ഒരുങ്ങിയാൽ ലോകത്തിൽ നീതിയും ശാന്തിയും കൈവരും. അതുകൊണ്ടാണല്ലോ വെറും പാവങ്ങളായ ആട്ടിടയന്മാർക്ക്, യേശുവിന്റെ ജനനസമയത്ത് ലഭിച്ച സ്വർഗ്ഗീയസംഗീതം ഇങ്ങനെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്:

'അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം. ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം'.

**ദലൈലാമയുടെ പർണ്ണശാലയിൽ**

ഹിമാലയത്തിലെ മൂടൽ മഞ്ഞു പുരണ്ട് ഒരു പുലരിയിൽ അദ്ദേഹം ഒരു കൈയാൽ ഈ ലേഖകന്റെ വലതുകരം പിടിച്ച് മറുകരം തന്റെ ഹൃദയത്തിൽ തൊട്ട് ദലൈലാമ പറഞ്ഞു:

'എല്ലാം ആരംഭിക്കുന്നത് ഇവിടെയാണ്. യുദ്ധവും സമാധാനവും മനുഷ്യഹൃദയത്തിൽ തുടങ്ങുന്നു. ആയുധമെടുക്കുകയല്ല, സകലത്തേയും ശാന്തിപ്രദമാക്കുകയാണ് മനുഷ്യന്റെ ഭാഗധേയം'.

*കടപ്പാട്: M TV*

## നവീകരിച്ച മണ്ണത്തൂർ വലിയ പള്ളി കൂദാശ ചെയ്തു

മണ്ണത്തൂർ: നവീകരിച്ച മണ്ണത്തൂർ സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയുടെ പുനസമർപ്പണം ഡിസംബർ 14, 15 (ശനി, ഞായർ) തീയതികളിൽ നടത്തപ്പെട്ടു. അഭിവന്ദ്യ ഇടവക മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമേനി ശുശ്രൂഷകൾക്കും ഞായറാഴ്ച നടന്ന വി. കുർബ്ബാനയ്ക്കും മുഖ്യകാർമ്മികത്വം വഹിച്ചു. ഇടവകയുടെ 175-ാം വാർഷിക ജൂബിലിയുടെ ഭാഗമായാണ് പള്ളിയുടെ നവീകരണ ജോലികൾ നിർവ്വഹിച്ചത്. കൂദാശയോട് അനുബന്ധിച്ച് നടന്ന പൊതുസമ്മേളനത്തിൽ അനൂപ് ജേക്കബ് എം.എൽ.എ തിരുമാറാടി പഞ്ചായത്ത് പ്രസിഡന്റ് സന്ധ്യാമോൾ പ്രകാശ് എന്നിവർ സംബന്ധിച്ചു. കൂദാശയോടനുബന്ധിച്ച് നിർമ്മിച്ച് നൽകുന്ന ഒരു ഭവനത്തിന്റെ താക്കോൽ തദവസരത്തിൽ നൽകുകയും പുതുതായി പണി ആരംഭിക്കുന്ന രണ്ട് ഭവനങ്ങൾക്കുള്ള ആദ്യ ഗഡു പണവും ബന്ധപ്പെട്ടവർ സ്വീകരിക്കുകയും ചെയ്തു. ചടങ്ങുകളിൽ മുൻവികാരിമാർ, ഭദ്രാസനത്തിലെ വൈദികരും വിശ്വാസികളും ഇടവകാംഗങ്ങളും പങ്കാളികളായി. ഇടവക വികാരി ഫാ. ഡോ.റെജി അലക്സാണ്ടറിന്റെ നേതൃത്വത്തിലുള്ള ജൂബിലി കമ്മറ്റിയിൽ ട്രസ്റ്റിമാരായ മാത്യൂസ് കെ. ജേക്കബ്, ഡോ. ജോർജ് കുര്യൻ മാത്യു, എന്നിവരും പള്ളി സെക്രട്ടറിയായി ടി. സി. ജോർജും ജൂബിലി ജനറൽ കൺവീനർ ആയി വി. വി. ബാബുവും പ്രവർത്തിച്ചുവരുന്നു.

### ഗായകസംഗമം

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ ഇടവക ഗായക സംഘാംഗങ്ങളുടെ അർദ്ധദിന സമ്മേളനം മൂവാറ്റുപുഴ സെന്റ് തോമസ് കത്തീഡ്രലിൽ പെരുന്നാളിനോടനുബന്ധിച്ച് 2024 ഡിസംബർ 21 ശനിയാഴ്ച കത്തീഡ്രൽ പള്ളിയിൽ വച്ച് നടക്കും. 'ആരാധന സംഗീതത്തിലെ ആത്മീയത' എന്ന വിഷയത്തെ ആസ്പദമാക്കിയാണ് ക്ലാസുകൾ നടക്കുന്നത്. റവ. ഫാ. ജോൺ സാമുവേൽ (മാർ കുര്യാക്കോസ് ആശ്രമം, മൈലപ്ര), റവ. ഫാ. അനൂപ് രാജു (അസി. ഡയറക്ടർ, ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്) എന്നിവർ ക്ലാസുകൾക്കു നേതൃത്വം നൽകും. ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ നിന്നും നൂറോളം ഗായകർ പങ്കെടുക്കും. അന്നേ ദിവസം വി. കുർബാനയിൽ എല്ലാവരും ചേർന്നു ഗാനശുശ്രൂഷ നിർവഹിക്കും. സംബന്ധിക്കുന്ന എല്ലാവർക്കും സർട്ടിഫിക്കറ്റ് നൽകും.

# നല്ല സമരിയാക്കാരൻ

ഫാ. ഷാജി കരിംപ്ലാനിൽ

*ഒക്ടോബർ ലക്കം തുടർച്ച...*

**ഉപമയുടെ സന്ദേശം**

(a) യേശുവിനോടു നിയമജ്ഞന്റെ ചോദ്യം ആരാണ് എന്റെ അയൽക്കാരൻ എന്നതാണല്ലോ. അയാൾ തേടുന്നത് അയൽക്കാരന് ഒരു നിർവ്വചനമാണ്. ആ നിർവ്വചനത്തിൽപ്പെടാത്ത ആരും അയൽക്കാരനാകില്ലല്ലോ. ഈ ചോദ്യത്തിന് ഉത്തരമായിട്ടാണ് യേശു ഉപമ പറയുന്നത്. ഉപമയ്ക്കൊടുക്കം യേശുവിന്റെ മറുചോദ്യം മൂവരിൽ ആരാണ് മുറിവേറ്റവന് അയൽക്കാരനായിത്തീർന്നത് എന്നാണ്. തുടർന്ന് അവൻ പഠിപ്പിക്കുന്നു: "നീയും പോയി അതുപോലെ ചെയ്യുക. "ആരാണ് എന്റെ അയൽക്കാരൻ" എന്ന ചോദ്യത്തിനുത്തരം ഒരു മറു ചോദ്യമാണ്: ''നിനക്ക് അയൽക്കാരനാകാൻ കഴിയുമോ?' നിയമജ്ഞന്റെ ചോദ്യം അയൽക്കാരനെ നിർവ്വചിക്കാൻ ശ്രമിക്കുമ്പോൾ, യേശുവിന്റെ മറു ചോദ്യം അത്തരം നിർവ്വചനങ്ങളെ നിഷേധിക്കുകയാണ്. നിയമജ്ഞന്റെ ചോദ്യം സ്നേഹത്തിന് അതിർവരമ്പുകൾ പണിയുമ്പോൾ യേശുവിന്റെ മറു ചോദ്യം അവയെ ഉല്ലംഘിക്കുകയാണ്. നിയമജ്ഞന്റെ ചോദ്യം ചിലരെ അകത്തും ചിലരെ പുറ ത്തുമാക്കുമ്പോൾ, യേശുവിന്റെ മറുചോദ്യം സകലരെയും അകത്താക്കുന്ന അയൽക്കാരനാകാൻ നിനക്കാകുമോ എന്നാണ്. ഏഴു തവണയാണോ ക്ഷമിക്കേണ്ടത് എന്നു ചോദിച്ച് ക്ഷമയ്ക്ക് പത്രോസ് പരിധിയിടാൻ ശ്രമിക്കുമ്പോൾ അത്തരം പരിധികളെ യേശു എടുത്തുകളഞ്ഞ അതേ പാറ്റേണിലാണ് ഇവിടെയും ഉത്തരം. അയൽക്കാരൻ നിർവ്വചിക്കപ്പെടേണ്ട ഒരാളേയല്ല. കാതലായ ചോദ്യം ഇതാണ്: "ആർക്കൊക്കെ അയൽക്കാരനാകാൻ നിനക്കു മനസ്സുണ്ട്"?

(b) ഒരു യഹൂദപശ്ചാത്തലത്തിലാണല്ലോ ഉപമ അവതരിപ്പിക്കപ്പെടുന്നത്. ചോദ്യകർത്താവ് യഹൂദൻ, മറുപടി നൽകുന്നയാൾ യഹൂദൻ, ചുറ്റും നിന്നു കേൾക്കുന്നവരെല്ലാം യഹൂദർ, കഥയിലെ എല്ലാ കഥാപാത്രങ്ങളും യഹൂദർ, പക്ഷേ മാതൃക ഒരു സമരിയാക്കാരൻ! പുരോഹിതനും ലേവായനും ശേഷം കേൾവിക്കാർ ന്യായമായും പ്രതീക്ഷിച്ചിരിക്കാൻ സാധ്യതയുള്ള കഥാപാത്രം ഒരു സാധാരണ യഹൂദനെയാകണം. എന്നിട്ടും സമരിയാക്കാരനെ യേശു കൊണ്ടുവരുന്നത് വളരെ ബോധപൂർവമാണ്. ഈ ഉപമ നാം വായിക്കുന്നത് ലൂക്കാ. 10-ാം അദ്ധ്യായത്തിലാണല്ലോ. അതിനു തൊട്ടുമുമ്പുള്ള അദ്ധ്യായത്തിൽ (9:51-56) യേശുവിനെ സമരിയാക്കാരുടെ ഗ്രാമം തിരസ്കരിച്ചതായും ആ ഗ്രാമത്തെ തീയിട്ടു നശിപ്പിക്കാൻ യാക്കോബും യോഹന്നാനും ആഗ്രഹിച്ചതായും നാം വായിക്കുന്നുണ്ട്. തന്നെ തിരസ്കരിച്ച ഒരാളെത്തന്നെ യേശു മാതൃകാ കഥാപാത്രമായി അവതരിപ്പിക്കുമ്പോൾ, മനുഷ്യമനസ്സിലെ എല്ലാ മതിലുകളെയും തൂത്തെറിയാനുള്ള ക്ഷണം തന്നെയാണത്.

യഹൂദചരിത്രത്തിൽ, സമരിയാക്കാരുമായുള്ള പകയുടെ കഥകളും സംഭവങ്ങളും എത്ര വേണമെങ്കിലുമുണ്ട്. അതിന് ഒരൊറ്റ അപവാദം 2. ദിന. 28:8-15 ൽ നാം കാണുന്നുണ്ട്. വടക്കുഭാ ഗത്തുള്ള സമരിയാക്കാർ തെക്കുഭാഗത്തുള്ള തടവിലാക്കപ്പെട്ട യൂദാനിവാസികളോട് എത്ര കരുണ യോടെയാണ് ഇടപെട്ടതെന്ന് ഇവിടെ രേഖപ്പെടുത്തിയിട്ടുണ്ട്: "പ്രത്യേകം നിയുക്തരായ ആളുകൾ തടവുകാരെ ഏറ്റെടുത്തു; കൊള്ളമുതലിൽ നിന്ന് ആവശ്യമായവ എടുത്തു നഗ്നരായവരെ ഉടുപ്പിച്ചു; ചെരിപ്പു ധരിപ്പിച്ചു; അവർക്കു ഭക്ഷണപാനീയങ്ങൾ നൽകി; തൈലം പൂശി; തളർന്നവനെ കഴുതപ്പുറത്തു കയറ്റി. അങ്ങനെ ജറീക്കോയിൽ അവരുടെ സഹോദരരുടെ അടുത്തെത്തിച്ചു. അനന്തരം, അവർ സമരിയായിലേക്കു മടങ്ങി". ഈ സമരിയാക്കാർ ചെയ്തതും ഉപമയിലെ സമരിയാക്കാരൻ ചെയ്യുന്നതും ഏകദേശം ഒന്നാണെന്നതു വ്യക്തമാണല്ലോ. അതിനർത്ഥം, തനിക്കു നേരിട്ട തിരസ്കരണത്തിന്റെ കയ്പല്ല, നൂറ്റാണ്ടുകൾ പഴക്കമുള്ള ചരിത്രത്തിലെ ഒരേടിന്റെ മധുരമാണ് യേശു കേൾവിക്കാരിൽ നിറയ്ക്കാൻ ശ്രമിച്ചത് എന്നാണല്ലോ.

അങ്ങനെ ഈ ഉപമ നമ്മുടെ കാലത്തോട് ചിലതൊക്കെ പറയുന്നുണ്ട്. ഇതരമതസ്ഥർ ക്രിസ്ത്യാനികളോടു ചെയ്തുകൂട്ടിയ നൂറുകണക്കിനു സംഭവങ്ങൾ നാമിന്നു സോഷ്യൽ മീഡിയായിലൂടെയും മറ്റും പങ്കുവയ്ക്കുന്നുണ്ട്. അവരിൽ നിന്നൊക്കെ നമുക്കു ലഭിച്ച നല്ല കാര്യങ്ങളുടെ ഓർമ്മകൾ എന്തുകൊണ്ടോ നമുക്കിടയിൽ ഇടം കിട്ടാതെപോകുന്നു. ഭീകരവാദിയായ ഒരു ഇസ്ലാംമതവിശ്വാസിയെക്കുറിച്ചും വർഗീയവാദിയായ ഒരു ഹൈന്ദവനെക്കുറിച്ചും വാളെടു

ക്കുന്ന കമ്യൂണിസ്റ്റിനെക്കുറിച്ചും പറയാൻ നാം കാണിക്കുന്ന ആവേശം പ്രളയകാലത്ത് തന്റെ തുണിക്കടയിലെ തുണികൾ വെറുതെ വാരിക്കൊടുത്ത നൗഷാദിനെക്കുറിച്ചും 'നിത്യവിശുദ്ധയാം കന്യാമറിയമേ' എന്ന പാട്ട് കംപോസ് ചെയ്ത് ദേവരാജൻ മാസ്റ്ററെക്കുറിച്ചും ഇവിടുത്തെ ദുർഗന്ധത്തെ അകറ്റാനായി ഇളംകാറ്റായി വീശിക്കൊണ്ടിരിക്കുന്ന ഇളയിടം മാഷിനെക്കുറിച്ചും പറയാൻ നാം കാണിക്കുന്നില്ല. നല്ല സമരിയാക്കാരന്റെ കഥ പറഞ്ഞ യേശുവിന്റെ ശിഷ്യഗണത്തിന് നല്ല മുസ്ലീമിന്റെയും നല്ല ഹിന്ദുവിന്റെയും നല്ല കമ്യൂണിസ്റ്റിന്റെയും കഥകൾ എങ്ങനെ പറയാതിരിക്കാനാവും! മതിലുകളെ തൂത്തെറിയുന്ന അയൽക്കാരനാകാതെ അവൻ വാഗ്ദാനം ചെയ്ത നിത്യജീവന്റെ അവകാശിയാകാൻ ഒരു ക്രിസ്തുശിഷ്യനും സാധിക്കുകയില്ല.

(c) 'നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തുചെയ്യണം' എന്ന നിയമജ്ഞന്റെ ചോദ്യത്തെ തുടർന്നാണല്ലോ നല്ല സമരിയാക്കാരന്റെ ഉപമ യേശു പറയുന്നത്. ഇത്തരം ചോദ്യങ്ങളോടുള്ള നമ്മുടെ സാധാരണ മറുപടി 'യേശുവിൽ വിശ്വസിക്കുക; നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും' എന്ന രീതിയിലുള്ളതാണല്ലോ. തങ്ങൾ എന്താണു ചെയ്യേണ്ടതെന്ന ജനത്തിന്റെ ചോദ്യത്തിന് സ്നാപക യോഹന്നാൻ കൊടുത്ത മറുപടി ലൂക്കായിലുണ്ട്: "രണ്ടുടുപ്പുള്ളവൻ ഒന്ന് ഇല്ലാത്ത വനു കൊടുക്കട്ടെ. ഭക്ഷണം ഉള്ളവനും അങ്ങനെ ചെയ്യട്ടെ" (ലൂക്കാ. 3:11). ഇതേ മാതൃകയിലാണ് നിയമജ്ഞനും യേശു മറുപടി നിൽകിയത്. വിശ്വാസസത്യങ്ങളോടു കാണിക്കുന്ന ആവേശം കാരുണ്യത്തിന്റെ പ്രവൃത്തികളിൽ ഇല്ലെങ്കിൽ അതു ക്രൈസ്തവികതയല്ലെന്ന് ഈ ഉപമ നിസ്സംശയം സ്ഥാപിക്കുന്നു.

**നുറുങ്ങുവെട്ടം**

### നിനവിൽ നിലാവ്

അയാളുടെ നിനവിൽ നിലാവ് തെളിഞ്ഞു. തന്റെ ഉറക്കത്തിന് പുറത്ത് ദൈവത്തിന്റെ വഴികൾ മാത്രമാണ്. ഏതു പുരുഷനും മനസ്സുകൊണ്ട് സ്വീകരിക്കാൻ കഴിയാത്ത തീരുമാനത്തിലേക്ക് എത്തിച്ചേരാൻ തയ്യാറായ ആ നിലപാടിനെയാണ് 'നീതിമാൻ' എന്ന പദം കുറിക്കുന്നത് എന്ന് തോന്നും. മനുഷ്യന് പുറത്തെ മനുഷ്യൻ, സ്വകാര്യതയ്ക്ക് പുറത്തെ ദൈവത്തിന്റെ ലോകം അതാണ് ജോസഫ്.

പൊതുസ്ഥലത്ത് സഹോദരങ്ങളുടെയും ബന്ധുക്കളുടെയും സാന്നിധ്യത്തിൽ എടുത്ത തീരുമാനമാണ് മറിയയുടെയും ജോസഫിന്റെയും വിവാഹത്തെക്കുറിച്ച്. എന്നാൽ മറിയത്തെ ജോസഫ് ഒഴിവാക്കാൻ ശ്രമിക്കുന്നത് ഒറ്റയ്ക്ക് അതീവ രഹസ്യമായാണ്. പൊതുസമൂഹത്തിൽ നിന്ന് ഈ രഹസ്യമായ ഒഴിവാക്കലിന്റെ പേരിൽ ഏറെ ചോദ്യങ്ങൾ ജോസഫിന് നേരെയാണ് വരാൻ സാധ്യത. എന്നാൽ അതിനെ സ്വീകരിക്കാൻ ജോസഫ് സ്വയം തയ്യാറായി. രഹസ്യമായ ഒഴിവാക്കൽ മറിയ എന്ന സ്ത്രീക്ക് സാമൂഹ്യമായ സംരക്ഷണം ഉറപ്പുവരുത്തലാണ്. മറിയത്തെ ഒഴിവാക്കേണ്ടത് ജോസഫിന്റെ സ്വപ്നത്തിന് മുമ്പ് സ്വയ ആലോചനയാണ്. തന്റെ പ്രാപഞ്ചികമായ ലോകത്തെ നോക്കിയാണ് ഒരു സ്ത്രീയുടെ വീണ്ടെടുപ്പിനുവേണ്ടി പദ്ധതികൾ രൂപപ്പെടുത്തുന്നത്. എന്നാൽ പിന്നീട് അയാൾക്കു ണ്ടാകുന്ന സ്വപ്നം ഉറക്കത്തിന് പുറത്തെ അദ്ദേഹത്തിന്റെ തീരുമാനത്തെ കീഴുമേൽ മറിക്കുന്നതാണ്. അയാളുടെ നിനവിൽ നിലാവ് തെളിഞ്ഞു. ഒരുതരത്തിൽ ജോസഫ് കാലങ്ങളിൽ അനുഭവിച്ച മാനസിക സംഘർഷം ചെറുതല്ല.

യേശുവിന്റെ ജനനസമയവും മറിയവും ജോസഫും തമ്മിലുള്ള വിവാഹം യഹൂദന്മാരുടെ മര്യാദ പ്രകാരം പൂർത്തീകരിക്കപ്പെട്ടിരുന്നില്ല. മാലാഖയുടെ വാക്കുകൾ കേട്ട ഉടനെ മറിയത്തെ സ്വീകരിക്കുന്ന ജോസഫിനെയാണ് വേദം പരാമർശിക്കുന്നത്. ദൈവം അയാളുടെ നിനവിൽ നിത്യവെളിച്ചമായി അങ്ങനെ മാറി. ദൈവത്തിന്റെ ആലോചന ഉള്ളിൽ തട്ടിയ നാൾമുതൽ ദൈവമില്ലാതെ സഞ്ചരിക്കാൻ കഴിയില്ല എന്ന പൂർണ്ണതയിലേക്ക് ജോസഫ് വളർന്നു കഴിഞ്ഞു. അതുകൊണ്ടാണ് പേര് ചേർക്കാൻ ബദലഹേമിലേക്കുള്ള അയാളുടെ പെട്ടെന്നുള്ള യാത്രയിൽ മറിയത്തെ ഒറ്റയ്ക്കാക്കിയിട്ട് പോകുവാൻ അയാളുടെ മനസ്സ് അനുവദിക്കാഞ്ഞത്.

സ്വയത്തിനു പുറത്തുള്ള മനുഷ്യൻ, സ്വകാര്യതയ്ക്ക് പുറത്തെ ദൈവത്തിന്റെ ലോകം അതാണ് ജോസഫ്. നിനവിൽ തെളിഞ്ഞ നിലാവ് ബദലഹേം യാത്രയിലേക്ക് മനുഷ്യന്റെ സ്വകാര്യതകളിൽ നിന്ന് ദൈവത്തിന്റെ വീണ്ടെടുപ്പിലേക്കുള്ള യാത്രയാണ്. മത രാഷ്ട്രീയ ലോകത്തിന്റെ നീതി സംഹിത കൾ ജോസഫിന്റെ കൺമുമ്പിൽ ഉള്ളപ്പോൾ. ആ രാത്രിയിൽ തെളിഞ്ഞ മനുഷ്യന്റെ സ്വകാര്യതകളെ ചോദ്യം ചെയ്യുന്ന ദൈവത്തിന്റെ നീതി കരുണയായി സ്നേഹമായി ജോസഫിൽ നിന്ന് ഒരു നദിപോലെ ഒഴുകാൻ ദൈവം ആവശ്യപ്പെടുകയാണ്. അയാളുടെ മൗനം വേദപുസ്തകം സുന്ദരമായി വർണ്ണിക്കുമ്പോൾ എല്ലാകാലത്തെയും മനുഷ്യന്റെ മത-രാഷ്ട്രീയ നീതിയുടെ വാചാലതകൾക്ക് നേരെ ഒരു പ്രവാചക സന്ദേശം പോലെയാണ്. ദൈവത്തിന് വീണ്ടെടുപ്പിന് ജോസഫിന്റെ മൗനം മാലാഖമാർ പാടിയ പാട്ടുകളെക്കാൾ നല്ലതെന്ന് തോന്നി. നിനവിൽ ദൈവത്തിന്റെ നിലാവ് തെളിഞ്ഞു.

*fr. ajeesh*

RNI No. KERMAL/2012/46014
Registered. Reg. No. KL/ALY/0067/2022-2024

Date of Publication 15/12/2024
Price Rs. 10/-





2024 നവംബർ 3, 4 തീയതികളിൽ അഭിവന്ദ്യ ഇടവക മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസി യോസ് തിരുമേനിയാൽ മൂറോൻ അഭിഷേക കൂദാശ നടത്തി പ്രതിഷ്ഠിച്ച പാങ്കോട് സെന്റ് ജോൺസ് ഓർത്തഡോക്സ് സുറിയാനിപ്പള്ളി.







## മർത്തമറിയം വനിതാസമാജത്തിന് പുതിയ ഓഫീസ്

കണ്ടനാട് ഈസ്റ്റ് ഭദ്രാസന മർത്തമറിയം വനിതാസമാജത്തിന്റെ പുതിയ ഓഫീസ് മൂവാറ്റുപുഴ അരമന കോംപ്ലക്സിൽ നവംബർ 28 ന് രാവിലെ മൂവാറ്റുപുഴ സെന്റ് തോമസ് കത്തീഡ്രലിലെ വിശുദ്ധ കുർബാനയ്ക്കുശേഷം ഇടവക മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമേനി കൂദാശ ചെയ്ത് ഉപയോഗത്തിനായി തുറന്ന് കൊടുത്തു. സമർപ്പണ ശുശ്രൂഷക്കുശേഷം അഖില മലങ്കര മർത്തമറിയം വനിതാസമാജം ജന റൽ സെക്രട്ടറി പ്രൊഫസർ മേരി മാത്യു വിളക്ക് കൊളുത്തി പുതിയ ഓഫീസിന്റെ പ്രവർത്തന ഉദ്ഘാ ടനം നിർവ്വഹിച്ചു. ഭദ്രാസന മർത്തമറിയം സമാജം വൈസ് പ്രസിഡന്റ് റവ. ഫാ. ഏലിയാസ് ജോൺ മണ്ണാത്തിക്കുളം, റവ. ഫാ. സി. എ. പൗലോസ്, റവ. ഫാ. എബ്രഹാം കാരാമേൽ, റവ ഫാ. മേരീദാസ് സ്റ്റീഫൻ, റവ. ഫാ. സിബി മാത്യൂ വർഗീസ്, മേഖലാ പ്രസിഡന്റുമാരായ റവ. ഫാ. ഏലിയാസ് ചെറുകാട്ട്, റവ. ഫാ. രാജൻ ജോർജ്, റവ. ഫാ. അബി ഉലഹ ന്നാൻ, സമാജം മുൻ വൈസ് പ്രസി ഡന്റ് റവ. ഫാ. മാത്യൂസ് ചെമ്മനാപാടം, ഭദ്രാസന സെക്രട്ടറി റവ. ഫാ. അബിൻ എബ്രഹാം, വേദസമീക്ഷ ഡയറക്ടർ റവ. ഫാ. ഷിബു കുര്യൻ, എൽഡേഴ്സ് ഫോറം വൈസ് പ്രസിഡന്റ് റവ. ഫാ. ബിനോയ് ജോൺ, ഡീ. ബേസിൽ ജോയി എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ഭദ്രാസന കൗൺസിൽ അംഗങ്ങൾ, എൽഡേഴ്സ് ഫോറം & പ്രാർത്ഥന യോഗം ഭദ്രാസന കമ്മിറ്റി അംഗങ്ങൾ, സമാജം ഭദ്രാസന ഭാരവാഹികൾ, മേഖല സെക്രട്ടറിമാർ, യൂണിറ്റ് സെക്രട്ടറിമാർ മുൻ കാല പ്രവർത്തകർ തുടങ്ങിയവർ ചടങ്ങിൽ സംബ ന്ധിച്ചു. തുടർന്ന് നടന്ന ഭദ്രാസന സമാജം കമ്മിറ്റി യോഗത്തിൽ പ്രൊഫസർ മേരി മാത്യു നേതൃത്വത്തി ലേക്ക് വരുന്നവർ ശ്രദ്ധിക്കേണ്ട വിഷയങ്ങളെപ്പറ്റി വിശദമായി ക്ലാസ് എടുത്തു. ഭദ്രാസന സമാജം ട്രഷ റർ ശ്രീമതി അൽസ തമ്പി, മുൻ ജനറൽ സെക്രട്ടറി അന്നമ്മ കുരിയാക്കോസ്, എക്സിക്യൂട്ടീവ് കമ്മറ്റി അംഗം അല്ലി ജോർജ് എന്നിവർ ആശംസകൾ നേർന്നു. ഭദ്രാസന ജനറൽ സെക്രട്ടറി മിനി ജോസഫ് സ്വാഗതവും ജോയിന്റ് സെക്രട്ടറി ജിജി സോണി കൃത ജ്ഞതയും രേഖപ്പെടുത്തി.

Printed and published by Fr. Abin Abraham, Secretary, Kandanad East Diocese, Bishop's House, Muvattupuzha-686 661, Ph: 0485 2832401
Managing Editor: P. J. Varghese Ph: 0485 2253209, Printed at St. George Press, Muvattupuzha, Ph: 9846869426